# റബ്ബർ

മാർച്ച് 2026 • വാർഷികവരിസംഖ്യ ₹100


- മലിനജലസംസ്കരണപ്ലാന്റുകൾ
- മാധ്യമപ്രതിനിധികളുടെ സന്ദർശനം
- മരങ്ങൾ മാർക്കുചെയ്യാം
- മേലുകാവിലെ വ്യത്യസ്തനായ കർഷകൻ
- നന്മനിറഞ്ഞ കർഷകർക്കൊപ്പം...




## നടീലിനായി നിലമൊരുക്കാം


കപ്പുതൈകൾ സുരക്ഷിതമായി
എത്തിച്ചുതരുന്നതിന്
പ്രത്യേക വാഹന സംവിധാനമുള്ള
കപ്പുതൈ റബ്ബർ നഴ്സറി
All Kerala Delivery Facility Available on Request
അടുത്ത
സീസണിലേക്ക്
വണ്ടർ റൂട്ട്
തൈകളുടെ
ബുക്കിംഗ്
ആരംഭിച്ചിരിക്കുന്നു..!
CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT
UNION MKD
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
Booking trough : www.cheerakuzhy.com

# ഉള്ളടക്കം


06 | നടീലിനായി നിലമൊരുക്കാം

11 | മലിനജലസംസ്കരണപ്ലാന്റുകൾ പ്രവർത്തിപ്പിക്കുമ്പോൾ

14 | മാധ്യമപ്രതിനിധികൾ റബ്ബർബോർഡ് സന്ദർശിച്ചു

16 | പുതിയ മരങ്ങൾ ടാപ്പിങ്ങിനായി മാർക്കുചെയ്യാം

19 | മേലുകാവിലെ വ്യത്യസ്തനായ കർഷകൻ

21 | 'കേര' പരിശീലനപരിപാടി സംഘടിപ്പിച്ചു

23 | പുതിയ ചുവടുവെയ്പ്പുകളുമായി റബ്ബർഗവേഷണകേന്ദ്ര ലൈബ്രറി

26 | റബ്ബർ മാസിക @ 60

29 | കോൾസെന്റർ

33 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





718

# റബ്ബർ

മാർച്ച് 2026



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
x.com/rubberboard
instagram.com/therubberboard
youtube.com/@RubberBoardIndia
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ :
**നിധിൻ കുമാർ യാദവ് ഐ.എ.എസ്.**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ:
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ:
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# നടീലിനുള്ള
# മുന്നൊരുക്കങ്ങൾ തുടങ്ങാം

ഒരു ദീർഘകാലവിളയായ റബ്ബർ കൃഷിചെയ്യുമ്പോൾ, നടീലിനായി നിലമൊരുക്കുന്നത് മുതൽ ശാസ്ത്രീയമായ സമീപനം സ്വീകരിക്കേണ്ടത് വളരെ പ്രധാനമാണ്. കാലവർഷത്തിന്റെ തുടക്കത്തിൽതന്നെ തൈകൾ നടാൻ പറ്റുന്ന തരത്തിൽ നിലമൊരുക്കൽ പൂർത്തിയാക്കണം. മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്ന തരത്തിലാകണം നിലമൊരുക്കൽ. ഇതിനായി കയ്യാലകളും നിരപ്പുതട്ടുകളും എടുത്തശേഷം വേണം തൈകൾ നടാൻ. നടീലിനായി ഗുണമേന്മയുള്ളതും ആരോഗ്യമുള്ളതുമായ തൈകൾ വേണം തെരഞ്ഞെടുക്കാൻ. റബ്ബർകൃഷിക്കുതകുന്ന സ്ഥലങ്ങളിലെ കാലാവസ്ഥയും മണ്ണിന്റെ പ്രത്യേകതകളും കണക്കിലെടുത്ത് ഓരോ പ്രദേശത്തേക്കും യോജിച്ച റബ്ബറിനങ്ങൾ റബ്ബർബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾ കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. നടീലിനായി നടത്തേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ച് വിശദമായ ഒരു ലേഖനം ഈ ലക്കം മാസികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടാപ്പിങ്ങിന് പാകമായ റബ്ബർമരങ്ങൾ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങാൻ പറ്റിയ സമയം മാർച്ച്, ഏപ്രിൽ മാസങ്ങളാണ്. ടാപ്പിങ് ശരിയായ രീതിയിൽ നടത്തുന്നതിന് ആദ്യം നിർബന്ധമായും ചെയ്യേണ്ട കാര്യമാണ് മാർക്കിങ്. കേരളത്തിൽ മിക്ക സ്ഥലങ്ങളിലും വേനൽമഴ നന്നായി കിട്ടിയ സ്ഥിതിക്ക് മരങ്ങൾ മാർക്കുചെയ്തു ടാപ്പിങ് തുടങ്ങാം. ടാപ്പിങ്ങിനായി റബ്ബർമരങ്ങൾ ശാസ്ത്രീയമായി മാർക്കു ചെയ്യേണ്ടതെങ്ങനെയെന്നും ഈ ലക്കം മാസികയിൽ പ്രതിപാദിച്ചിട്ടുണ്ട്.

- എഡിറ്റർ



# നിർമിതബുദ്ധി - കാർഷികമേഖലയിൽ സാധ്യതകൾ ഏറെ

ഇന്ന് കാർഷികമേഖലയിൽ നിർമിതബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) എന്ന സാങ്കേതികവിദ്യ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. കാലാവസ്ഥാവ്യതിയാനം, കൃഷിച്ചെലവിൽ ഉണ്ടായ വർധന, തൊഴിലാളികളുടെ കുറവ്, വിപണിയിലെ അനിശ്ചിതത്വം എന്നിവയെല്ലാം കർഷകർ നേരിടുന്ന വെല്ലുവിളികളാണ്. പരമ്പരാഗതകൃഷിരീതികൾ കൊണ്ടുമാത്രം ഈ പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ കഴിയില്ല. ഈ സാഹചര്യത്തിൽ കാലാവസ്ഥ, മണ്ണിന്റെ സ്വഭാവം, വിളവെടുപ്പു വിവരങ്ങൾ, വിപണിയിലെ പ്രവണതകൾ എന്നിവ വിശകലനം ചെയ്ത് കൃത്യവും സമയോചിതവുമായ നിർദേശങ്ങൾ നൽകാൻ നിർമിതബുദ്ധിക്ക് സാധിക്കും. പ്രത്യേകിച്ച്, ദീർഘകാല അടിസ്ഥാനത്തിൽ വിഭാവനം ചെയ്ത് കൃഷിചെയ്യേണ്ട റബ്ബർ പോലുള്ള തോട്ടവിളകളിൽ, എ.ഐ.-യുടെ അടിസ്ഥാനത്തിലുള്ള സംവിധാനങ്ങൾ കാര്യക്ഷമത വർധിപ്പിക്കുകയും അനിശ്ചിതത്വം കുറയ്ക്കുകയും ശാസ്ത്രീയമായ അടിത്തറയ്ക്ക് പിന്തുണ നൽകുകയും ചെയ്യും.

റബ്ബർമേഖലയിൽ എ.ഐ.-യുടെ സാധ്യതകൾ കർഷകർക്ക് എങ്ങനെ ഗുണകരമായി നടപ്പാക്കാനാകും എന്ന് റബ്ബർബോർഡ് പരിശോധിച്ചുവരുന്നു. ഈ രംഗത്ത് നിരവധി സാധ്യതകളുണ്ട്. പ്രദേശികമായ പ്രത്യേകതകളും കാലാവസ്ഥയും അടിസ്ഥാനമാക്കി നടീൽവസ്തുക്കളുടെ ആവശ്യകത മുൻകൂട്ടി പ്രവചിക്കാൻ എ.ഐ. ടൂൾസ് ഉപയോഗിക്കാം. കാലാവസ്ഥയുമായി ബന്ധപ്പെട്ട വിവരങ്ങൾ, മണ്ണിന്റെ സ്വഭാവം, നടീലുമായി ബന്ധപ്പെട്ട മുൻപ്രവണതകൾ തുടങ്ങിയവ വിശകലനം ചെയ്ത് റബ്ബർനഴ്സറികളിൽ തൈകൾ ഉത്പാദിപ്പിക്കുന്നത് ക്രമീകരിക്കാനാകും. ഇതുവഴി തൈകൾ അമിതമായി ഉത്പാദിപ്പിക്കുന്നത് ഒഴിവാക്കാനും ലഭ്യതക്കുറവ് ഉണ്ടാകാതിരിക്കാനും സഹായിക്കും. വിത്തുശേഖരണം, ബഡ്ഡിങ്, തൈ വിതരണം എന്നിവയെല്ലാം ക്രമീകരിക്കുന്നതിന് എ.ഐ. സാങ്കേതികവിദ്യ ഉപയോഗിക്കാം.

കൂടാതെ, ബോർഡിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ കോമ്പ്രിഹെൻസീവ് റബ്ബർ ഇൻഫർമേഷൻ സിസ്റ്റം പ്ലാറ്റ്ഫോമിൽ (CRISP) എ.ഐ. ഘടകം ഉൾപ്പെടുത്തുന്നതിലൂടെ പ്രദേശികമായി യോജിച്ച റബ്ബറിനങ്ങളെക്കുറിച്ചുള്ള പൂർണവിവരങ്ങൾ അറിയാനാകും. മണ്ണിന്റെ സ്വഭാവം, മഴയുടെ അളവ്, റബ്ബറിനങ്ങളുടെ പരീക്ഷണഫലങ്ങൾ, രോഗവ്യാപനം തുടങ്ങിയ വിവരങ്ങൾ അടിസ്ഥാനമാക്കി ഏറ്റവും യോജിച്ച ഇനം തെരഞ്ഞെടുക്കാൻ ഈ സംവിധാനം സഹായിക്കും. കൃഷിചെയ്യുന്ന സ്ഥലത്തിന് യോജിച്ചതല്ലാത്ത ഇനം തെരഞ്ഞെടുക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഉത്പാദനക്ഷമത വർധിപ്പിക്കാൻ ഉപകരിക്കുകയും ചെയ്യും. റബ്ബർതൈകളിലെ രോഗങ്ങൾ, പോഷകക്കുറവ് എന്നിവ ചിത്രങ്ങളുടെ വിശകലനത്തിലൂടെ നേരത്തേതന്നെ കണ്ടെത്താനും കഴിയും. മൊബൈൽ ആപ്പ്, വാട്ട്സ്ആപ്പ്, വെബ് പ്ലാറ്റ്ഫോം എന്നിവയിലൂടെ പ്രവർത്തിക്കുന്ന എ.ഐ. ചാറ്റ്ബോട്ട് ഉപദേശസംവിധാനങ്ങൾ വഴി നടീൽ, വളപ്രയോഗം, രോഗകീടനിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് വ്യക്തിഗത നിർദേശങ്ങൾ ലഭ്യമാക്കാനാകും. ഡ്രോൺ ഉപയോഗിച്ചുള്ള സർവേയിലൂടെ രോഗങ്ങളുടെ വ്യാപ്തി നിർണയിക്കുക വഴി ആവശ്യാനുസരണം മാത്രം കുമിൾനാശിനികൾ ഉപയോഗിക്കുന്നതും പ്രാവർത്തികമാക്കാം.

കർഷകർക്ക് സമയബന്ധിതമായി കൃഷിപ്പണികൾ ചെയ്യാനും കൃഷി ശാസ്ത്രീയമാക്കാൻ വേണ്ട നിർദേശങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്ന ഈ സാങ്കേതികവിദ്യ റബ്ബർമേഖലയെ മുന്നോട്ട് നയിക്കാൻ തീർച്ചയായും ഉപകരിക്കും എന്ന പ്രതീക്ഷയോടെ

ആശംസകളോടെ,

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



ഡോ. ഫേബ ജോസഫ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# നടീലിനായി നിലമൊരുക്കാം

റബ്ബർവിപണിയിൽ ഏറ്റക്കുറച്ചിലുകൾ നിലനിൽക്കുന്ന ഈ കാലയളവിൽ ചെലവ് കുറഞ്ഞ ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കേണ്ടത് റബ്ബർകൃഷിയുടെ സുസ്ഥിരതയ്ക്ക് അനിവാര്യമാണ്. മണ്ണിന്റെ ഗുണമേന്മയും ഉത്പാദനശേഷിയും മെച്ചപ്പെടുത്തുന്നതിൽ നിലമൊരുക്കലിന് ഒരു വലിയ പങ്കുണ്ട്. ഒരു ദീർഘകാലവിളയായ റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ ചെയ്യുമ്പോൾ ആദ്യവർഷത്തിൽ വരുന്ന മൊത്തം ചെലവിന്റെ ഏകദേശം 55 ശതമാനവും നിലമൊരുക്കുന്നതിനാണ് വിനിയോഗിക്കപ്പെടുന്നത്. വർധിച്ചുവരുന്ന കൂലിച്ചെലവ് കുറയ്ക്കുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കൃഷിപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റബ്ബർതോട്ടങ്ങളിൽ ഇന്ന് യന്ത്രങ്ങൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. റബ്ബർതോട്ടങ്ങളിൽ നിലമൊരുക്കുന്നതിനുപയോഗിക്കുന്ന ജെസിബി/ഹിറ്റാച്ചി പോലുള്ള മണ്ണുമാന്തിയന്ത്രങ്ങൾ അശാസ്ത്രീയമായി ഉപയോഗിച്ചാൽ മണ്ണിന് ഗുണത്തേക്കാളേറെ ദോഷം വരുത്തുന്നതിന് ഇടയാക്കും. മണ്ണിന്റെ ഘടനയേയും രാസ-ജൈവ ഗുണങ്ങളെയും ഇത് ബാധിക്കും. കൂടാതെ കാലാവസ്ഥാവ്യതിയാനം കൊണ്ടുണ്ടാകുന്ന കനത്തമഴ മൂലം വൻതോതിലുള്ള മണ്ണൊലിപ്പിന് കാരണമാകുകയും ചെയ്യും. അതിനാൽ ശാസ്ത്രീയവും സാങ്കേതികവും പരിസ്ഥിതിസൗഹൃദവുമായ കൃഷി



രീതികൾ അവലംബിച്ചുള്ള യന്ത്രവത്ക്കരണം സുസ്ഥിരറബ്ബർകൃഷിക്ക് അനിവാര്യമാണ്.

റബ്ബർകൃഷി പ്രധാനമായും മഴയെ ആശ്രയിച്ചു നടത്തുന്നതിനാൽ വർഷകാലത്തിന്റെ ആരംഭത്തിൽ തന്നെ തൈനടീൽ പൂർത്തിയാക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാലവർഷത്തിന്റെ തുടക്കത്തിൽ മൂന്നോ നാലോ നല്ല മഴ ലഭിച്ചതിനുശേഷം റബ്ബർ നടുകയാണെങ്കിൽ വർഷം മുഴുവൻ ലഭ്യമാകുന്ന മഴ പ്രയോജനപ്പെടുത്താം. വേനൽ ആരംഭിക്കുമ്പോഴേക്കും റബ്ബർതൈ നാലോ അഞ്ചോ തട്ട് വളർച്ചയെത്തുന്നതുകൊണ്ട് അവയ്ക്ക് കടുത്ത വേനലിനെ അതിജീവിക്കാൻ തക്ക കരുത്തുണ്ടാകും. ഒരു പരിധിവരെ വേനൽകാല സംരക്ഷണത്തിനുള്ള ചെലവ് കുറയ്ക്കുകയും ചെയ്യാം. നടീൽ വൈകുന്നത് തൈകൾക്ക് ആദ്യവർഷത്തെ വേനലിനെ തരണം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുകയും പിന്നീടുള്ള വളർച്ചയെ സാരമായി ബാധിക്കുകയും ചെയ്യും. കാലവർഷത്തിന്റെ ആരംഭത്തിൽ റബ്ബർതൈ നട്ടാൽ തുലാവർഷം തുടങ്ങുമ്പോൾതന്നെ കുഴിക്കേട് പോക്കുന്നതിനും സാധിക്കും. അതിനാൽ വേനൽമഴ ലഭിച്ചാലുടൻ കുഴികളെടുക്കാൻ പാകത്തിൽ നിലമൊരുക്കൽ തീർത്തിരിക്കണം.

## നിലമൊരുക്കൽ

റബ്ബർ കൃഷിചെയ്യുന്നതിനായി നിലമൊരുക്കുമ്പോൾ ആദ്യപടിയായി റബ്ബർതൈകളുടെ വളർച്ചയെ ബാധിച്ചേക്കാവുന്ന മറ്റുമരങ്ങൾ തോട്ടത്തിൽ നിന്ന് മുറിച്ചുമാറ്റണം. പരമ്പരാഗതരീതിയിൽ മരങ്ങൾ മുറിച്ചു മാറ്റുന്നതിനു പകരം 'ചെയിൻ സോ' (chain saw) ഉപയോഗിച്ച് മരങ്ങൾ മുറിച്ചു മാറ്റുന്നത് സമയലാഭത്തിനും കൂലിച്ചെലവ് കുറയ്ക്കുന്നതിനും, അങ്ങനെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സഹായിക്കും. 'ചെയിൻ സോ' ഉപയോഗിച്ച് ഒരു ശരാശരി റബ്ബർമരത്തിന്റെ ചുവടു മുറിക്കുന്നതിന് ഏകദേശം മൂന്ന് മിനിറ്റും ആ മരം പൂർണമായി മുറിച്ചുമാറ്റുന്നതിന് ഏകദേശം 15 മുതൽ 30 വരെ മിനിറ്റും മതിയാകും. എന്നാൽ പരമ്പരാഗതമായി ഒരു ശരാശരി മരം മുറിക്കുന്നതിന് ഏകദേശം രണ്ടര മുതൽ മൂന്ന് വരെ മണിക്കൂർ സമയം വേണ്ടിവരും. തോട്ടത്തിന്റെ അതിർത്തികളിൽ തൈകളുടെ വളർച്ചയെ ബാധിക്കാത്തത്ര അകലത്തിൽ മറ്റു മരങ്ങൾ നിലനിർത്തുന്നത് ആദായത്തോടൊപ്പം കാറ്റിനെ പ്രതിരോധിക്കാനും ഒരു പരിധിവരെ സഹായിക്കും. കൃഷിയിടങ്ങളിലേക്ക് ആവശ്യമായ കാർഷികവസ്തുക്കൾ എത്തിക്കുന്നതിനും തോട്ടത്തിൽനിന്ന് റബ്ബർപാൽ സംസ്കരണത്തിനായി കൊണ്ടുപോകുന്നതിനും മറ്റും തോട്ടത്തിൽ നടപ്പാതകളും റോഡുകളും ഉണ്ടായിരിക്കണം. കൃഷിയിടങ്ങളിൽ ജലനിർഗമനമാർഗങ്ങൾ ആവശ്യമായതിനാൽ തോട്ടത്തിലുള്ള പ്രകൃതിദത്തമായ നീർച്ചാലുകൾ തടസ്സങ്ങൾ നീക്കി ഉപയോഗപ്രദമാക്കാം.

## നിരയെടുക്കൽ

ആവർത്തനക്കൃഷി ചെയ്യുമ്പോൾ നിരയെടുക്കുന്നതിന്റെ ചെലവ് കുറയ്ക്കുന്നതിനായി പുതിയ നിരകളെടുക്കുന്നതിനു പകരം പഴയ നിരകളിലുള്ള റബ്ബർമരങ്ങൾ മുറിച്ചുമാറ്റി, ആ വരിയിൽതന്നെ രണ്ട് മരക്കുറ്റികൾക്കിടയിൽ കുഴിയെടുത്ത് റബ്ബർ നടാം. മുൻപ് കൃഷിചെയ്തിരുന്നതിൽനിന്ന് വ്യത്യസ്തമായ ഇടയകലത്തിലാണ് റബ്ബർ നടാൻ ഉദ്ദേശിക്കുന്നതെങ്കിൽ കുഴികളെടുക്കാൻ തടസ്സമായി വരാവുന്ന പഴയ റബ്ബർകുറ്റികൾ പിഴുതുമാറ്റണം. കുഴിയെടുപ്പിന് തടസ്സമാകാത്ത മരക്കുറ്റികൾ പിഴുതുമാറ്റേണ്ടതില്ല. അവ കാലക്രമേണ മണ്ണിൽ അഴുകിച്ചേർന്നുകൊള്ളും. ചില കർഷകർ ആവർത്തനക്കൃഷി ചെയ്യാനായി തോട്ടങ്ങളിലെ മരം മുറിച്ചുമാറ്റിയതിനുശേഷം ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് മരക്കുറ്റികൾ മുഴുവനായി പിഴുതുകളയാറുണ്ട്. ഇത് കൃഷിച്ചെലവ് കൂട്ടുന്നതിനും മണ്ണൊലിപ്പിനും ഇടയാക്കും. രോഗബാധയുള്ള മരക്കുറ്റികൾ ഉണ്ടെങ്കിൽ അവ മുഴുവനായി പിഴുതുമാറ്റിയശേഷം അവിടെ പ്രൊപ്പിക്കോണാസോൾ എന്ന കുമിൾനാശിനി 0.13 ശതമാനം (ടിൽറ്റ് 5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയത്) ഒഴിച്ചുകൊടുക്കണം. ഒരു കുഴിക്ക് ഏകദേശം 5 ലിറ്റർ കുമിൾനാശിനി വേണ്ടിവരും.

ഒരു ഹെക്ടർ സ്ഥലത്ത് റബ്ബർബോർഡിന്റെ ശുപാർശയനുസരിച്ച് 420 മുതൽ 500 വരെ തൈകൾ നടാം. ആർആർഐഐ 105 എന്ന ഇനമാണ് നടുന്നതെങ്കിൽ





*പഴയ മരങ്ങൾ യന്ത്രങ്ങൾ ഉപയോഗിച്ച് മുറിച്ചുമാറ്റുന്നു*

ഒരു ഹെക്ടറിൽ 549 മരങ്ങൾ വരെ നടാം. തോട്ടത്തിലെ മരങ്ങളുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ അത് മരങ്ങളുടെ വളർച്ചയേയും ഉത്പാദനക്ഷമതയേയും ബാധിക്കുകയും മരങ്ങളുടെ എണ്ണം ഒരു പരിധിയിൽ കുറവായിരുന്നാൽ റബ്ബർകൃഷി ആദായകരമല്ലാതാകുകയും ചെയ്യും. അതിനാൽ തൈകൾ നടുമ്പോൾതന്നെ ഇക്കാര്യത്തിൽ ദീർഘവീക്ഷണത്തോടു കൂടിയുള്ള ഒരു സമീപനം സ്വീകരിക്കണം. ഭൂമിയുടെ സ്വഭാവമനുസരിച്ച് വിവിധ സ്ഥലങ്ങളിലേക്ക് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ഇടയകലവും അതുപ്രകാരം ഒരു ഹെക്ടറിൽ നടാവുന്ന തൈകളുടെ എണ്ണവും പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1 – ഇടയകലവും തൈകളുടെ എണ്ണവും**

| ഭൂമിയുടെ സ്വഭാവം | നടീൽരീതി | ഇടയകലം മീറ്ററിൽ (ബ്രാക്കറ്റിൽ അടിയിൽ) നിരകൾ തമ്മിൽ x തൈകൾ തമ്മിൽ | ഒരു ഹെക്ടറിൽ നടാവുന്ന തൈകളുടെ എണ്ണം |
|---|---|---|---|
| നിരപ്പുള്ളത് | സമചതുരം | 4.3 x 4.3 (14 x 14 അടി) | 549 |
| | | 4.6 x 4.6 (15 x 15 അടി) | 479 |
| | | 4.9 x 4.9 (16 x 16 അടി) | 420 |
| | ദീർഘചതുരം | 6.1 x 3.0 (20 x 10 അടി) | 539 |
| | | 6.4 x 3.0 (21 x 10 അടി) | 511 |
| | | 6.7 x 3.4 (22 x 11 അടി) | 445 |
| ചെരിവുള്ളത് | ദീർഘചതുരം/ കോണ്ടൂർ | 6.1 x 3.0 (20 x 10 അടി) | 539 |
| | | 6.4 x 3.0 (21 x 10 അടി) | 511 |
| | | 6.7 x 3.0 (22 x 10 അടി) | 498 |
| | | 6.7 x 3.4 (22 x 11 അടി) | 445 |
| ഇടവിളക്കൃഷിക്ക് | രണ്ടുവരി റബ്ബർ അടുപ്പിച്ചു നടുന്ന രീതി | 9 x 5 x 3.2 (30 x 17 x 10.5 അടി) രണ്ടു ജോഡി റബ്ബർനിരകൾ തമ്മിലുള്ള അകലം 9 മീറ്റർ ഒരു ജോഡിയിലെ രണ്ട് നിരകൾ തമ്മിലുള്ള അകലം – 5 മീറ്റർ ഒരു നിരയിലെ രണ്ട് റബ്ബർ തമ്മിലുള്ള അകലം – 3.2 മീറ്റർ | 445 |

### നടീൽരീതി

അൽപം ചെരിവുള്ള പ്രദേശങ്ങളിലും നിരപ്പായ സ്ഥലങ്ങളിലും സമചതുരത്തിലോ ദീർഘചതുരത്തിലോ വരത്തക്കവിധം നിരകളെടുത്ത് തൈകൾ നടാം. എന്നാൽ കൂടുതൽ ചെരിവുള്ള പ്രദേശങ്ങളിലും ഇടവിളക്കൃഷി ചെയ്യാനുദ്ദേശിക്കുന്ന തോട്ടങ്ങളിലും ദീർഘചതുരത്തിൽ നിരകളെടുത്തു തൈകൾ നടുന്നതാണ് ഉത്തമം. ദീർഘചതുരത്തിൽ നടുമ്പോൾ നിരയെടുക്കുന്നത് കിഴക്കുപടിഞ്ഞാറായിട്ടായാൽ തൈകൾക്ക് പരമാവധി സൂര്യപ്രകാശം ലഭിക്കും. ചെരിവ് കൂടിയ പ്രദേശങ്ങളിൽ ഭൂമിയുടെ ചെരിവിന് കുറുകെ നിരകൾ (കോണ്ടൂർനിര) എടുത്തു വേണം കുഴികൾക്കുള്ള സ്ഥാനം അടയാളപ്പെടുത്താൻ.



'ഹിറ്റാച്ചി' ഉപയോഗിച്ച് നിരപ്പുതട്ടുകളെടുക്കുന്നു

### നിരപ്പുതട്ടുകളുടെ നിർമാണം

ചെരിവുള്ള പ്രദേശങ്ങളിൽ കൃഷിപ്പണികൾ ചെയ്യുന്നത് സുഗമമാക്കുന്നതിനും മണ്ണു-ജലസംരക്ഷണത്തിനുമായി അടയാളപ്പെടുത്തിയ സമവിതാനരേഖകളിലൂടെ ആദ്യം തന്നെ നിരപ്പുതട്ടുകൾ അഥവാ പ്ലാറ്റുഫോം നിർമിക്കണം. തുടർച്ചയായ നിരപ്പുതട്ടുകളെടുക്കുന്നതാണ് ഉത്തമം. അതു സാധിക്കാത്ത പക്ഷം ആദ്യവർഷം സമചതുരത്തിലുള്ള ചെറിയ നിരപ്പുതട്ടുകളെടുത്ത് തൈകൾ നട്ടശേഷം പിന്നീടുള്ള വർഷങ്ങളിൽ നിരപ്പുതട്ടുകൾ തമ്മിൽ യോജിപ്പിച്ച് തുടർച്ചയായ നിരപ്പുതട്ടുകളാക്കാവുന്നതാണ്. ഏകദേശം 1.25 മീറ്റർ മുതൽ 1.5 മീറ്റർ വരെ വീതിയിലാണ് നിരപ്പുതട്ടുകൾ തയ്യാറാക്കേണ്ടത്. ഇവ ഉൾവശത്തേക്കു 20 – 30 സെ.മീ. ചെരിഞ്ഞിരിക്കണം. ഒഴുകിവരുന്ന വെള്ളത്തിന്റെ അധികപങ്കും നിരപ്പുതട്ടുകളിൽ തങ്ങിനിൽക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് പ്ലാറ്റുഫോം നിർമിക്കുമ്പോൾ മണ്ണിളക്കം പരമാവധി കുറയ്ക്കണം. അല്ലാത്തപക്ഷം വരുംവർഷങ്ങളിൽ പ്ലാറ്റ്ഫോമിന് ഇടിവ് സംഭവിക്കുകയും അത് മണ്ണൊലിപ്പിന് കാരണമാകുകയും ചെയ്യും. തന്നെയുമല്ല തോട്ടങ്ങൾ ടാപ്പുചെയ്യാറാകുമ്പോഴേക്കും പ്ലാറ്റുഫോമിന്റെ വീതി കുറഞ്ഞ് ടാപ്പിങ്ങിനായി തോട്ടത്തിലൂടെ സുഗമമായി നടക്കാൻ ബുദ്ധിമുട്ടാകുകയും ചെയ്യും. പഴയ നിരപ്പുതട്ടുകളിൽ തന്നെയാണ് റബ്ബർ നടാൻ ഉദ്ദേശിക്കുന്നതെങ്കിൽ ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് അവ നിർദിഷ്ട അളവിൽ ഒന്ന് ഒരുക്കിയെടുത്താൽ മതി. അങ്ങനെ നിരപ്പുതട്ടുകൾ നിർമിക്കുന്നതിനുള്ള ചെലവ് ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും.



കോണ്ടൂർനിരകളിൽ എടുത്ത നിരപ്പുതട്ടുകൾ

### കുഴിയെടുപ്പ്

തൈ നടേണ്ട കുഴിയുടെ വലുപ്പം നിശ്ചയിക്കുന്നത് മണ്ണിന്റെ സ്വഭാവം കണക്കിലെടുത്തുവേണം. മണ്ണാഴം കുറഞ്ഞതും ഉറച്ചതുമായ സ്ഥലങ്ങളിൽ 75 സെ.മീ. (രണ്ടര അടി) വീതം നീളവും വീതിയും ആഴവുമുള്ള കുഴികളാണ് എടുക്കേണ്ടത്. എന്നാൽ ഒരു മീറ്ററോ അതിലേറെയോ മണ്ണാഴമുള്ള സ്ഥലങ്ങളിൽ കൂടത്തൈകൾ ഇറക്കിവെയ്ക്കാൻ മാത്രം വലിപ്പമുള്ള കുഴികളെടുത്ത് തൈകൾ നട്ടാൽ മതിയാകും. ചെറിയകുഴികൾ എടുക്കുന്നതിലൂടെ കുഴിയെടുപ്പിനു വേണ്ടി വരുന്ന മൊത്തം ചെലവിന്റെ 70 ശതമാനത്തോളം കുറയ്ക്കാനാകും.



*'എർത്ത് ഓഗർ' ഉപയോഗിച്ച് കുഴിയെടുക്കുന്നു*

കൃഷിപ്പണികൾക്കായി യന്ത്രങ്ങളുപയോഗിക്കുമ്പോൾ മണ്ണിനും വിളയ്ക്കും ദോഷകരമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ജെ.സി.ബി./ ഹിറ്റാച്ചി ഉപയോഗിച്ച് കുഴികളെടുക്കുമ്പോൾ റബ്ബർ നടാൻ നിർണയിച്ചിരിക്കുന്ന സ്ഥാനത്തുമാത്രം മണ്ണിളക്കി കുഴികൾ നിർമിച്ചാൽ മതി. പലസ്ഥലങ്ങളിലും കുഴിയെടുക്കുന്നതിന്റെ ഭാഗമായി നിരപ്പുത്തട്ടു മുഴുവനും ജെ.സി.ബി./ ഹിറ്റാച്ചി ഉപയോഗിച്ച് കിളച്ചതിനുശേഷം റബ്ബർ നടുന്നതായി കണ്ടുവരുന്നു. ഇത് പ്ലാറ്റ്ഫോമിന്റെ സ്ഥിരതയെ ബാധിക്കുകയും കൃഷിച്ചെലവ് കൂട്ടുകയും ചെയ്യും. യാതൊരു കാരണവശാലും ഈ രീതി അനുവർത്തിക്കരുത്. റബ്ബർ നടാൻ കുഴികൾ എടുക്കുന്നതിനു 'ഹോൾ ഡിഗ്ഗർ' ഘടിപ്പിച്ച ട്രാക്ടറും ഉപയോഗിക്കാവുന്നതാണ്. കൂടുതൽ ചെരിവുള്ള പ്രദേശങ്ങളിൽ ഇതിന്റെ ഉപയോഗം പ്രാവർത്തികമല്ല. എന്നാൽ ചെറിയ കുഴികളെടുക്കുന്നതിന് ഒരാൾക്ക് കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന 'എർത്ത് ഓഗർ' ഇപ്പോൾ പ്രചാരത്തിലുണ്ട്. ഇതുപയോഗിച്ച് മണ്ണാഴമുള്ള സ്ഥലങ്ങളിൽ ഒരു കുഴിയെടുക്കാൻ ഏകദേശം 2-3 മിനിറ്റ് മതിയാവും.

### ഇടവിളക്കൃഷിക്കായി നിലമൊരുക്കുമ്പോൾ

റബ്ബർതൈകൾക്കിടയിൽ കൈത പോലുള്ള ഇടവിളകൾ നടാനായി നിലമൊരുക്കുമ്പോൾ കൃഷിയിടം മുഴുവൻ 60 മുതൽ മുതൽ 90 വരെ സെന്റീമീറ്റർ (2-3 അടി) താഴ്ചയിൽ യന്ത്രങ്ങളുപയോഗിച്ച് ഉഴുതുമറിക്കുന്നതായി കാണുന്നുണ്ട്. ഇത്തരത്തിൽ തോട്ടം മുഴുവൻ ഉഴുതുമറിക്കുന്നത് മണ്ണൊലിപ്പ് വർധിക്കുന്നതിനും മണ്ണിന്റെ ഫലപുഷ്ടി കുറയുന്നതിനും കാരണമാകും. റബ്ബർതോട്ടങ്ങളിൽ കൈത ഇടവിളയായി കൃഷിചെയ്യുന്നതിന് യന്ത്രങ്ങളുപയോഗിച്ച് നിലമൊരുക്കുന്നത് മണ്ണിന്റെ ഗുണമേന്മയെ എങ്ങനെ ബാധിക്കുന്നു എന്നറിയാൻ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഒരു പഠനം നടത്തുകയുണ്ടായി. 15 മുതൽ 20 വരെ ശതമാനം ചെരിവുള്ള തോട്ടത്തിലാണ് ഈ പഠനം നടത്തിയത്. നിലമൊരുക്കി ഒന്നര വർഷത്തിനുശേഷം ഇടയിളക്കിയ ഒരു ഹെക്ടർ തോട്ടത്തിൽ നിന്ന് ഏകദേശം 11.6 ടൺ മണ്ണും ഇടയിളക്കാത്ത തോട്ടത്തിൽ നിന്ന് ഏകദേശം 7.2 ടൺ മണ്ണും മണ്ണൊലിപ്പുമൂലം നഷ്ടപ്പെട്ടതായിട്ടാണ് കണ്ടത്. അതായത് ആദ്യവർഷങ്ങളിൽ ഇടയിളക്കിയ തോട്ടത്തിനേക്കാൾ ഇടയിളക്കാത്ത തോട്ടത്തിൽ 39 ശതമാനത്തോളം മണ്ണൊലിപ്പ് കുറവായി കണ്ടു. കൂടാതെ ഇടയിളക്കുന്നതുമൂലം മേൽമണ്ണിൽ ഏകദേശം 22 ശതമാനത്തോളം നൈട്രജനും 18 ശതമാനത്തോളം കാർബണും കുറവുള്ളതായും കാണപ്പെട്ടു. അശാസ്ത്രീയമായി ഇടയിളക്കിയ തോട്ടങ്ങളിൽ മണ്ണൊലിപ്പിന്റെ ഫലമായി മൂന്നുനാല് വർഷങ്ങൾക്കു ശേഷം (കൈതക്കൃഷിക്ക് ശേഷം) മണ്ണിൽ ചരൽ തിരിഞ്ഞിരിക്കുന്നതായി കാണാൻ കഴിഞ്ഞു. അതിനാൽ ഇടവിളയായി കൈത കൃഷിചെയ്യുമ്പോൾ തോട്ടം മുഴുവൻ ഉഴുതുമറിക്കാതെ അവ നടുന്നതിനുള്ള ഭാഗത്ത് മാത്രം യന്ത്രം ഉപയോഗിച്ച് ചാലുകൾ കീറിയശേഷം കന്ന് നടുന്നതാണ് ഉത്തമം. കൈത കൃഷിചെയ്യുന്നതിന് നിലമൊരുക്കുന്നതിന്റെ ഭാഗമായി കൃഷിയിടം മുഴുവൻ യന്ത്രങ്ങളുപയോഗിച്ചു ഉഴുതുമറിക്കുന്നതും കൈതയ്ക്ക് അനുവദനീയമായ രാസവളശുപാർശയേക്കാൾ കൂടുതൽ വളമിടുന്നതും കൂടുതൽ എണ്ണം കൈത നടുന്നതുമെല്ലാം അശാസ്ത്രീയമാണ്. ആശാസ്ത്രീയമായ കൈതക്കൃഷി മണ്ണിനും റബ്ബറിനും ദോഷകരമാകയാൽ കരാറടിസ്ഥാനത്തിൽ കൈത കൃഷിചെയ്യുമ്പോൾ കൃഷിരീതികൾ ശാസ്ത്രീയമാണെന്ന് ഉറപ്പുവരുത്തണം. മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശങ്ങളിൽ യന്ത്രങ്ങളുപയോഗിച്ചു മണ്ണിളക്കുന്നത് അഭികാമ്യമല്ല.

ശാസ്ത്രീയവും സാങ്കേതികവും ചെലവുകുറഞ്ഞതുമായ യന്ത്രവൽകൃത കൃഷിരീതികൾ അവലംബിക്കുന്നത് റബ്ബർകൃഷിയെ സുസ്ഥിരമായി നിലനിർത്തുന്നതിന് അനിവാര്യമാണ്. •





ബിജു എം.എൻ.
അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ



ടോംസൺ ഫ്രാൻസിസ്
ജോയിന്റ് ഡയറക്ടർ (എഞ്ചിനീയറിങ്)

# മലിനജലസംസ്കരണപ്ലാന്റുകൾ പ്രവർത്തിപ്പിക്കുമ്പോൾ

റബ്ബർസംസ്കരണയൂണിറ്റുകളിൽ നിന്നുള്ള മലിനജലത്തിൽ റബ്ബർ അവശിഷ്ടങ്ങൾ, ആസിഡ്, ആൽക്കലി, ജൈവ വസ്തുക്കൾ, എന്നിവ അടങ്ങിയതിനാൽ മലിനജലസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യേണ്ടത് അത്യാവശ്യമാണ്. ബയോളജിക്കൽ, കെമിക്കൽ, മെക്കാനിക്കൽ പ്രക്രിയകൾ ഉൾക്കൊള്ളുന്ന മലിനജലസംസ്കരണം തെറ്റായ രീതിയിൽ കൈകാര്യം ചെയ്താൽ സുരക്ഷാപ്രശ്നങ്ങളും പരിസ്ഥിതി മലിനീകരണവും ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ താഴെപ്പറയുന്ന മുൻകരുതലുകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

### 1. വ്യക്തിഗത സുരക്ഷാമുൻകരുതലുകൾ

മലിനജലസംസ്കരണയൂണിറ്റിൽ ജോലി ചെയ്യുന്നവർ അതിന്റെ പ്രവർത്തനത്തെപ്പറ്റി നല്ല അറിവും തൊഴിൽപരിചയവും നേടിയിട്ടുള്ളവർ ആയിരിക്കണം.

റെസ്പിറേറ്ററി മാസ്ക്, സുരക്ഷാ ഹെൽമെറ്റ്, ഗ്ലൗസ്, ഗം ബൂട്ടുകൾ, ഏപ്രൺ, സേഫ്റ്റി ഗോഗിളുകൾ എന്നിവ നിർബന്ധമായും ധരിച്ചിരിക്കണം. പ്രത്യേകിച്ച് ആസിഡ്, ആൽക്കലി, ക്ലോറിൻ തുടങ്ങിയ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നവർ വ്യക്തിഗത സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണം. മലിനജലം, സ്ലഡ്ജ് എന്നിവയുമായി നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കണം.

ബയോഗ്യാസ് ടാങ്ക്, എയ്റേഷൻ ടാങ്ക്, ഈക്വലൈസേഷൻ ടാങ്ക്, പിറ്റ് ടാങ്ക് എന്നിവിടങ്ങളിൽ ക്ലിയറൻസ് ഇല്ലാതെ പ്രവേശിക്കരുത്. ഒരു കാരണവശാലും ടാങ്കുകളിൽ ഇറങ്ങാൻ പാടില്ല. തുറന്നുകിടക്കുന്ന ടാങ്കുകൾക്കും കറങ്ങുന്ന ഉപകരണങ്ങൾക്കും സുരക്ഷാവേലി നിർമിച്ചിരിക്കണം. മലിനജലം സംസ്കരിക്കുന്ന സ്ഥലങ്ങ



ളിൽ പുകവലി, മദ്യപാനം എന്നിവ പാടില്ല. ഇവിടെയി രുന്ന് ഭക്ഷണം കഴിക്കുകയും അരുത്.

**2. രാസവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ**

ഡി.എ.പി. (DAP), സൾഫ്യൂറിക് ആസിഡ്, സോഡിയം ഹൈപ്പോക്ലോറേറ്റ് ഇലക്ട്രോലൈറ്റുകൾ എന്നിവ വായുസഞ്ചാരമുള്ള ഈർപ്പരഹിത സ്ഥലങ്ങളിൽ ഭദ്രമായി സൂക്ഷിക്കണം. ആസിഡും ആൽക്കലിയും വേർതിരിച്ച് സൂക്ഷിക്കാനും ശ്രദ്ധിക്കണം. രാസവസ്തുക്കൾക്ക് വ്യക്തമായി ലേബൽ ചെയ്യുക. രാസവസ്തുക്കൾ മിശ്രിതം ആക്കുമ്പോൾ പരിചയസമ്പന്നനായ വ്യക്തിയുടെ മേൽനോട്ടത്തിൽ മാത്രം ചെയ്യുക. രാസവസ്തുക്കൾ വെള്ളത്തിലേക്ക് ചേർക്കുന്നതിലൂടെ പുറത്തേക്ക് തെറിക്കുന്നത് (സ്പ്ലാഷ്) ഒഴിവാക്കാൻ സാധിക്കും. കൃത്യമായി കാലിബ്രേറ്റ് ചെയ്ത പമ്പുകൾ (ഡോസിങ് പമ്പുകൾ) മാത്രം ഉപയോഗിക്കുക.

**3. പ്രോസസ്സ് സുരക്ഷാ മുൻകരുതലുകൾ**

മലിനജലസംസ്കരണപ്ലാന്റിന്റെ പ്രവർത്തന മാനദണ്ഡങ്ങളായ പിഎച്ച്, ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD), കെമിക്കൽ ഓക്സിജൻ ഡിമാന്റ് (COD), അമോണിയ, ഫ്ളോ-റേറ്റ്, സ്ലഡ്ജ് വോളിയം ഇൻഡെക്സ് മുതലായ ഘടകങ്ങൾ പതിവായി പരിശോധിക്കണം. ഇവയുടെ ശരിയായ നില പ്ലാന്റിന്റെ പ്രവർത്തനസ്ഥിരത ഉറപ്പാക്കുന്നു. പിഎച്ച്, കെമിക്കൽ ഡോസേജ് എന്നിവയിലെ പെട്ടെന്നുള്ള മാറ്റങ്ങൾ സൂക്ഷ്മജീവികൾ (microorganisms) നശിക്കാൻ കാരണമാകുന്നു. സൂക്ഷ്മജീവികളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന വസ്തുക്കൾ സംസ്കരണ യൂണിറ്റിലേക്ക് കടത്തിവിടരുത്. എയ്റേഷൻ ടാങ്കിൽ ശരിയായ വായുസഞ്ചാരം നിലനിർത്തണം. ആവശ്യമുള്ള സന്ദർഭങ്ങളിൽ സൂക്ഷ്മജീവികളുടെ അളവ് കൂടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്ലാന്റിൽ ഹൈഡ്രജൻ സൾഫൈഡ്, മീഥേൻ, അമോണിയ എന്നിവ ഉൾപ്പെടുന്നതിനാൽ ആവശ്യമായ സ്ഥലത്ത് ഗ്യാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുകയോ അത്തരം സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിനുമുൻപ് വായുപരിശോധന നടത്തുകയോ ചെയ്യേണ്ടതുണ്ട്.

മതിയായ സുരക്ഷാസംവിധാനം ഇല്ലാതെ നനഞ്ഞ സ്ലഡ്ജ് അഥവാ പ്ലാന്റിൽ അടിഞ്ഞുകൂടുന്ന അർദ്ധ ദ്രവമാലിന്യം കൈകാര്യം ചെയ്യരുത്. സ്ലഡ്ജ് ഉണങ്ങാനുള്ള ബെഡ് സുരക്ഷിതമായിരിക്കണം. ബയോഗ്യാസ് റിയാക്ടറുകളിലേക്ക് കൃത്യമായ അളവിൽ മാത്രമേ മലിനജലം കടത്തി വിടാവൂ. ഒരു റബ്ബർ ട്രാപ്പിലൂടെ കടത്തിവിട്ട് റബ്ബറും മറ്റും നീക്കം ചെയ്തശേഷം വേണം ഇങ്ങനെ ചെയ്യാൻ. അതിനായി ഒരു സംവിധാനം (ഡോസിങ് സിസ്റ്റം) ഉപയോഗിക്കാവുന്നതാണ്.

പൈപ്പുകൾ, വാൽവുകൾ, ടാങ്കുകൾ എന്നിവ പതിവായി പരിശോധിച്ച് ചോർച്ചയില്ല എന്ന് ഉറപ്പാക്കണം. ടാങ്കുകളിൽ ജലനിരപ്പിന് മുകളിൽ ആവശ്യമായ സ്ഥലം (Free Board) നിലനിർത്തി വെള്ളം കവിഞ്ഞൊഴുകാതെ ശ്രദ്ധിക്കണം.അതോടൊപ്പം ശരിയായ എയ്റേഷൻ നില നിർത്തി ദുർഗന്ധം ഒഴിവാക്കണം.

മലിനജലസംസ്കരണപ്ലാന്റിന്റെ പ്രവർത്തനത്തിൽ സുരക്ഷാനിർദേശങ്ങൾ, അടിയന്തര നടപടികൾ എന്നിവയിൽ ജീവനക്കാർക്ക് ശരിയായ പരിശീലനം നൽകണം. പരിശീലനം ലഭിച്ച വ്യക്തികൾക്കു മാത്രമേ പ്ലാന്റിലേക്ക് പ്രവേശനം അനുവദിക്കാവൂ. പ്ലാന്റിൽ ആവശ്യമായ പ്രകാശം ലഭിക്കുന്നതോടൊപ്പം വഴികൾ തടസ്സരഹിതവും സുരക്ഷിതവും ആകണം. രാസവസ്തുക്കളോ സ്ലഡ്ജോ വീണുകിടപ്പുണ്ടെങ്കിൽ ഉടനെ നീക്കം ചെയ്യണം.

പ്ലാന്റിന്റെ എല്ലാ സ്ഥലത്തും സൂചനാബോർഡുകൾ സ്ഥാപിക്കണം. പ്ലാന്റിന് ചുറ്റും ചെടികളും മരങ്ങളും വച്ചുപിടിപ്പിച്ച് ഒരു ഗ്രീൻ ബെൽറ്റ് നൽകിയാൽ ദുർഗന്ധം കുറയുകയും കാഴ്ചക്ക് ആകർഷകമാകുകയും ചെയ്യും. പ്രഥമശുശ്രൂഷാകിറ്റ്, അഗ്നിശമന ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവ പ്രവർത്തനക്ഷമമായി നിലനിർത്തണം. എമർജൻസി ഐ വാഷ് & ഷവർ (eye wash & shower) സംവിധാനങ്ങൾ സമീപത്ത് ഒരുക്കിയിരിക്കണം. കെമിക്കൽ സേഫ്റ്റി ഡാറ്റാ ഷീറ്റ് ലഭ്യമായിരിക്കണം. ജീവനക്കാർക്ക് അതിന്റെ പരിശീലനം ലഭ്യമാക്കണം.









**4. മെക്കാനിക്കൽ, ഇലക്ട്രിക്കൽ സുരക്ഷ**

കറങ്ങുന്ന എല്ലാ യന്ത്രസാമഗ്രികൾക്കും സുരക്ഷാവേലി നിർമിച്ചിരിക്കണം. ലൂബ്രിക്കേഷൻ, അലൈൻമെന്റ് എന്നിവ പരിശോധിക്കാതെ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കരുത്. ഓവർലോഡിങ് ഒഴിവാക്കുക. കേബിളുകൾ ഈർപരഹിതമായിരിക്കണം. തറയിൽ വഴുക്കൽ ഉണ്ടാകാതെ നോക്കണം.

**5. പരിസ്ഥിതി നിയമപാലനം**

മലിനീകരണനിയന്ത്രണബോർഡ് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുകയും പരിശോധനാഫലങ്ങളും രേഖകളും കൃത്യമായി സൂക്ഷിക്കുകയും വേണം. മലിനീകരണനിയന്ത്രണബോർഡിന്റെ നിബന്ധനകൾ അനുസരിച്ച് മാത്രമേ സംസ്കരിച്ച ജലം പുറന്തള്ളാവൂ. നദി, വയൽ, പൊതുസ്ഥലം എന്നിവടങ്ങളിൽ മലിനജലമോ സ്ലഡ്ജോ നിക്ഷേപിക്കാൻ പാടില്ല.

**6. മലിനജലസംസ്കരണപ്ലാന്റ് പ്രവർത്തനം നിർത്തിവെച്ച് അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവെച്ച് അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ സുരക്ഷാമാനദണ്ഡങ്ങളും പരിസ്ഥിതിനിയമങ്ങളും കൃത്യമായി പാലിച്ചു നടത്തേണ്ടതാണ്. ശാസ്ത്രീയമായ ആസൂത്രണം, കർശന മേൽനോട്ടം എന്നിവ സുരക്ഷയും കാര്യക്ഷമതയും ഉറപ്പാക്കുന്നു. മലിനജലത്തിന്റെ പ്രവേശനം നിർത്തലാക്കുകയും വൈദ്യുതോപകരണങ്ങൾ ഓഫ് ചെയ്യുകയും വേണം.

മലിനജലസംസ്കരണത്തിൽ അംഗീകാരവും പ്രവർത്തിപരിചയവും അറിവും ഉള്ള ആളുകൾ മാത്രമേ ഈ ജോലി നിർവഹിക്കാവൂ. ഹെൽമറ്റ്, ഷൂസ്, സേഫ്റ്റി ബെൽറ്റ് എന്നീ വ്യക്തിഗത സുരക്ഷാഉപകരണങ്ങൾ ധരിച്ചിരിക്കണം.

ടാങ്കുകളിൽ പ്രവേശിക്കുന്നതിനു മുൻപ് ടാങ്ക് പൂർണമായും കാലിയാക്കണം. മലിനജലം പുറത്തു പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അവിടെ മീഥൈൻ, ഹൈഡ്രജൻ സൾഫൈഡ് തുടങ്ങിയ വിഷവാതകങ്ങളുടെ സാന്നിധ്യം ഇല്ല എന്ന് ഉറപ്പാക്കണം. ആവശ്യത്തിനുള്ള വെന്റിലേഷനും ഓക്സിജൻ അളവും ഉണ്ട് എന്ന് ഉറപ്പായതിനുശേഷം മാത്രമേ ടാങ്കുകളിൽ ഇറങ്ങാവൂ. ടാങ്കിനു മുകളിൽ രക്ഷാപ്രവർത്തനത്തിനുള്ള ജീവനക്കാർ ഉണ്ടായിരിക്കണം. അടിഞ്ഞുകൂടിയ സ്ലഡ്ജ് സുരക്ഷിതമായി നീക്കംചെയ്ത് നിയമാനുസൃതമായി നിക്ഷേപിക്കണം. ടാങ്കുകൾക്ക് ചോർച്ചയൊ മറ്റ് കുഴപ്പങ്ങളോ ഉണ്ടോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ ചെയ്യണം.

ജോലി പൂർത്തിയാക്കിയശേഷം എല്ലാ ഉപകരണങ്ങളും പുറത്തെടുത്തോ എന്ന് പരിശോധിക്കണം. വാൽവുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും പ്രത്യേകം പരിശോധിക്കുക. എല്ലാ ഉപകരണങ്ങളും കൃത്യമായി ഘടിപ്പിക്കുക. എല്ലാ ഉപകരണങ്ങളും കൃത്യമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പായശേഷം ടാങ്കുകളിൽ സൂക്ഷ്മജീവികളുടെ സാന്നിധ്യം ഉണ്ടാകാനുള്ള നടപടികൾ കൈക്കൊള്ളുക. മലിനജലം ക്രമേണ ടാങ്കുകളിലേക്ക് പ്രവേശിപ്പിക്കുക. പെട്ടെന്ന് തുറന്നുവിടുന്നത് ( Shock loading) ഒഴിവാക്കുക.

പിഎച്ച്, ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (BOD), കെമിക്കൽ ഓക്സിജൻ ഡിമാന്റ് (COD), മിക്സ്ഡ് ലിക്വർ സസ്പെൻഡഡ് സോളിഡ്സ് (MLSS), തുടങ്ങിയ പരാമീറ്ററുകൾ നിരന്തരം നിരീക്ഷിക്കുക. ശുദ്ധീകരിച്ച വെള്ളം നിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയശേഷം മാത്രമേ പുറത്തു വിടാവൂ.

റബ്ബർവ്യവസായത്തിലെ മലിനജലസംസ്കരണപ്ലാന്റിന്റെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വം, പരിസ്ഥിതി സംരക്ഷണം, പ്രവർത്തനത്തിലെ കാര്യക്ഷമത, എന്നിവയ്ക്കായി മുൻകരുതലുകൾ കർശനമായി പാലിക്കണം. ദേഹസുരക്ഷയ്ക്ക് വേണ്ട വസ്ത്രങ്ങളും സാധനങ്ങളും ഉപയോഗിക്കൽ, രാസവസ്തുക്കൾ സുരക്ഷിതമായി കൈകാര്യം ചെയ്യൽ, യന്ത്രങ്ങളുടെ സുരക്ഷിത ഉപയോഗം, പ്രോസസ്സ് മാനദണ്ഡങ്ങളും ചട്ടാനുസൃത നടപടികളും പാലിക്കൽ എന്നിവ അപകടവും പരിസ്ഥിതി മലിനീകരണവും ഒഴിവാക്കാൻ സഹായിക്കും.

പരിശീലനം ലഭിച്ച ജീവനക്കാരും ശക്തമായ അടിയന്തര സജ്ജീകരണങ്ങളും ഒരു മലിനജലസംസ്കരണപ്ലാന്റിന്റെ വിജയകരമായ പ്രവർത്തനത്തിൽ നിർണായകമാണ്. •




# മാധ്യമപ്രതിനിധികൾ റബ്ബർബോർഡ് സന്ദർശിച്ചു

ഭാരതസർക്കാരിന്റെ ഔദ്യോഗിക മീഡിയ ഏജൻസിയായ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ (പി.ഐ.ബി.) സംഘടിപ്പിച്ചുവരുന്ന പ്രസ്സ് ടൂറിന്റെ ഭാഗമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മാധ്യമപ്രതിനിധികൾ റബ്ബർബോർഡ് സന്ദർശിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളെക്കുറിച്ചും അവിടെ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനാണ് ഇങ്ങനെയൊരു സന്ദർശനം സംഘടിപ്പിക്കുന്നത്. ശ്രീനഗർ, ഭുവനേശ്വർ, ഗുവാഹതി, മണിപ്പൂർ എന്നിവിടങ്ങളിലെ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖത്തിൽ അവിടെനിന്നുള്ള മാധ്യമപ്രതിനിധികളാണ് വിവിധ ഗ്രൂപ്പുകളായി റബ്ബർബോർഡിൽ സന്ദർശനം നടത്തിയത്. പി.ഐ.ബി.-യുടെ അതത് സംസ്ഥാനങ്ങളിലെയും എറണാകുളം ഓഫീസിലെയും ഉദ്യോഗസ്ഥർ മാധ്യമപ്രതിനിധികളെ അനുഗമിച്ചു.

മാധ്യമപ്രതിനിധികൾ നാഷണൽ ഇൻസ്റ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം എന്നിവ സന്ദർശിച്ചു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐആർഎസ്, റബ്ബർ



*അസമിൽനിന്നുള്ള സംഘം*



ഭുവനേശ്വറിൽനിന്നുള്ള സംഘം



മണിപ്പൂരിൽനിന്നുള്ള സംഘം




ശ്രീനഗറിൽനിന്നുള്ള സംഘം

പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിങ്ങിന്റെ ഡയറക്ടർ പ്രിയ വർമ്മ എച്ച്., റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞർ, ബോർഡിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി പ്രതിനിധികൾ ആശയവിനിമയം നടത്തി. റബ്ബർമേഖലയെക്കുറിച്ചും റബ്ബർബോർഡിനെക്കുറിച്ചും ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികളെപ്പറ്റിയും എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ മാധ്യമപ്രതിനിധികൾക്ക് വിശദീകരിച്ചുകൊടുത്തു. തുടർന്ന് റബ്ബർകൃഷിയുടെ വ്യാപനത്തിനായി റബ്ബർകൃഷി ഉള്ള സംസ്ഥാനങ്ങളിൽ റബ്ബർബോർഡ് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ചും അവിടങ്ങളിലെ വികസനസാധ്യതകളെക്കുറിച്ചും മാധ്യമപ്രതിനിധികൾ എക്സിക്യൂട്ടീവ് ഡയറക്ടറുമായി ചർച്ച ചെയ്തു. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെത്തിയ മാധ്യമപ്രതിനിധികൾക്ക് ഗവേഷണകേന്ദ്രത്തെക്കുറിച്ചും അവിടെ നടന്നുവരുന്ന ഗവേഷണപ്രവർത്തനങ്ങളെക്കുറിച്ചും ശാസ്ത്രജ്ഞർ വിശദീകരിച്ചു കൊടുത്തു.

വിവിധ സംസ്ഥാനങ്ങളിലെ മാധ്യമപ്രതിനിധികൾ റബ്ബർബോർഡ് സന്ദർശിച്ച വാർത്തകൾ അതതു സംസ്ഥാനങ്ങളിലെ ദൃശ്യ, അച്ചടി മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്. •



റാണി ജോസ്
ഫാം അസിസ്റ്റന്റ്

# പുതിയ മരങ്ങൾ ടാപ്പിങ്ങിനായി മാർക്കുചെയ്യാം

റബ്ബർവിലയിൽ ഏറ്റക്കുറച്ചിൽ നിലനിൽക്കുകയും കാലാവസ്ഥാവ്യതിയാനം മൂലം ഉത്പാദനത്തിൽ കുറവുണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ചെലവ് കുറയ്ക്കുകയും ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് റബ്ബർകൃഷിയുടെ സുസ്ഥിരതയ്ക്ക് അത്യാവശ്യമാണ്. ദീർഘകാലാടിസ്ഥാനത്തിൽ റബ്ബറിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഉത്പാദനക്ഷമത കൂട്ടുന്നതിനുള്ള മാർഗങ്ങൾ കൂടി തോട്ടങ്ങളിൽ നടപ്പാക്കേണ്ടതുണ്ട്. മികച്ച റബ്ബറിനങ്ങൾ തെരഞ്ഞെടുത്ത് തോട്ടത്തിൽ നടുകയും ശാസ്ത്രീയമായി തോട്ടം പരിപാലിക്കുകയും ചെയ്യുന്ന കർഷകർ പോലും വിളവെടുപ്പിൽ ചിലപ്പോൾ വേണ്ടത്ര ശ്രദ്ധ കൊടുക്കാത്തത് ഉത്പാദനത്തെയും ഉത്പാദനക്ഷമതയെയും ബാധിക്കുന്നു. റബ്ബർകൃഷി ആദായകരമാക്കുന്നതിനും റബ്ബറിൽനിന്ന് കൂടുതൽ കാലം വിളവെടുക്കുന്നതിനും ശാസ്ത്രീയമായ ടാപ്പിങ് രീതികൾക്ക് വലിയ പ്രധാന്യമുണ്ട്.

മാർച്ച്-ഏപ്രിൽ മാസങ്ങളാണ് നമ്മുടെ നാട്ടിൽ റബ്ബർമരങ്ങളിൽ ടാപ്പിങ് ആദ്യമായി തുടങ്ങുന്നതിന് യോജിച്ച സമയം. ഈ സമയത്ത് ആവശ്യത്തിന് വണ്ണമെത്താത്ത മരങ്ങൾ ഉണ്ടെങ്കിൽ അവ വണ്ണമെത്തുന്ന മുറയ്ക്ക് സെപ്റ്റംബർ മാസത്തിൽ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങാം.

### റബ്ബർമരങ്ങൾ എപ്പോൾ ടാപ്പ് ചെയ്തുതുടങ്ങാം

പരമ്പരാഗതമേഖലയിൽ സാധാരണമായി ആറു മുതൽ ഏഴു വരെ വർഷം കൊണ്ട് റബ്ബർമരങ്ങൾ ടാപ്പു ചെയ്യുന്നതിനുള്ള വണ്ണമെത്തും. എന്നാൽ, മരങ്ങളുടെ



*മരങ്ങൾ മാർക്കുചെയ്യുന്നു*



*മാർക്കിങ് പൂർത്തിയായ മരം*

പ്രായമല്ല, മറിച്ച് അവയുടെ വണ്ണമാണ് ടാപ്പിങ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കേണ്ടത്. ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റീമീറ്റർ ഉയരത്തിൽ 50 സെന്റീമീറ്റർ വണ്ണമെത്തിയാൽ മരങ്ങളിൽ ടാപ്പിങ് ആരംഭിക്കാം. വണ്ണംകുറഞ്ഞ മരങ്ങളിൽ ടാപ്പുചെയ്താൽ ഉത്പാദനം കുറവായിരിക്കും. മാത്രമല്ല, ഇവയിൽ കുറ്റമറ്റ രീതിയിൽ ടാപ്പിങ് നടത്താൻ പ്രയാസമായതുകൊണ്ട് പുതുപ്പട്ട ശരിയായി വളരുകയുമില്ല. ഒരു തോട്ടത്തിലെ 70 ശതമാനം മരങ്ങൾ ആവശ്യത്തിനു വണ്ണമെത്തിയാൽ ടാപ്പിങ് തുടങ്ങാം.

### മരങ്ങൾ മാർക്കുചെയ്യുമ്പോൾ

റബ്ബർമരത്തിൽ ആദ്യ വെട്ടുചാൽ ഏതുവശത്തു തുറക്കണം എന്നതിന് പ്രത്യേക നിബന്ധനകൾ ഇല്ലെങ്കിലും മരങ്ങൾ നിൽക്കുന്ന വരികൾക്ക് സമാന്തരമായിരുന്നാൽ ടാപ്പിങ്ങിനു സൗകര്യപ്രദമായിരിക്കും. ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റീമീറ്റർ ഉയരത്തിലാണ് വെട്ടുചാൽ തുറക്കേണ്ടത്. ഒരു വശത്തെ പട്ട ടാപ്പുചെയ്തുതീരുന്ന മുറയ്ക്ക് മറുവശത്ത് പുതിയ വെട്ടുചാൽ തുറക്കണം.

ടാപ്പിങ് തുടങ്ങുന്നതിനുമുമ്പ് മരങ്ങളിൽ വെട്ടുചാലും മാർഗരേഖകളും ശരിയായ ഉയരത്തിലും ചെരിവിലും അടയാളപ്പെടുത്തണം. ഇതിനായി 125 സെന്റീമീറ്റർ ഉയരം അടയാളപ്പെടുത്തിയ കനം കുറഞ്ഞ ഒരു റീപ്പർ, വണ്ണം അളക്കുന്നതിനുള്ള ടേപ്പ്, ടെംപ്ലേറ്റ്, വരക്കത്തി എന്നിവ ആവശ്യമുണ്ട്. ആദ്യം റീപ്പർ ഉപയോഗിച്ച് ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റീമീറ്റർ ഉയരം മരത്തിൽ അടയാളപ്പെടുത്തണം. ഈ അടയാളത്തിൽ റീപ്പർ വച്ച് താഴേക്ക് ഒട്ടുബന്ധം വരെ ലംബമായി വരക്കത്തി ഉപയോഗിച്ച് ഒരു വര വരയ്ക്കണം. മുൻകാനയ്ക്ക് ആധാരം ഈ വരയാണ്.

ഇനി മരത്തെ നെടുനീളത്തിൽ രണ്ടു തുല്യഭാഗങ്ങളായി തിരിക്കണം. ഇതിനായി മരത്തിൽ നേരത്തെ 125 സെന്റീമീറ്റർ ഉയരം അടയാളപ്പെടുത്തിയ ഭാഗത്തെ വണ്ണം അളന്ന് പകുതി വണ്ണം കണക്കാക്കി മറുവശത്ത് മുൻകാനവരയ്ക്ക് എതിർവശത്തായി ഒരു അടയാളമിടണം. അതുപോലെ മരത്തിന്റെ ഒട്ടുബന്ധത്തിന് മുകളിലും മരത്തിന്റെ വണ്ണമളന്ന് മറുവശത്ത് പകുതി വണ്ണം അടയാളപ്പെടുത്തുക. ഇനി മുകളിലും താഴെയുമുള്ള ഈ അടയാളങ്ങളെ റീപ്പർ ഉപയോഗിച്ച് ബന്ധിപ്പിച്ചുകൊണ്ട് ലംബമായി ഒരു വര വരയ്ക്കണം. ഈ വര ടാപ്പിങ് തുടങ്ങേണ്ട ഉയരത്തിൽ നിന്ന് ഏകദേശം 30 സെ.മീ. അധികം മുകളിലേക്ക് നീട്ടി വരയ്ക്കണം. ഈ വരയാണ് പിൻകാനയ്ക്ക് ആധാരം.

വെട്ടുചാലിന്റെ ചെരിവ് കൃത്യമായി നിർണയിക്കുന്നതിന് 30 ഡിഗ്രി ചെരിവുള്ള ടെംപ്ലേറ്റും മാർഗരേഖകൾ വരയ്ക്കുന്നതിനായി മുനയുള്ള ഒരു വരക്കത്തിയും ഉപയോഗിക്കാം. 125 സെ.മീ. ഉയരത്തിൽ ടെംപ്ലേറ്റിന്റെ ചെരിഞ്ഞ കുറിയ വശം മുൻകാനയോട് ചേർത്തുവച്ചശേഷം ഇടതുമുകളിലേക്ക് മരത്തിൽ ചേർത്തുപിടിച്ച് പിൻകാനവരെ എത്തിക്കുക. ഈ നിലയിൽ ടെംപ്ലേറ്റ് ഉറപ്പിച്ചുപിടിച്ച് പിൻകാനയിൽ എത്തുന്നവരെയുള്ള ദൂരത്തിൽ ടെംപ്ലേറ്റിന്റെ നെടിയ രണ്ട് അരികുകളിൽ കൂടിയും നടുക്കുള്ള മൂന്നു പൊഴികളിൽ കൂടിയും ഇടതുവശം ഉയർന്നും വലതുവശം താഴ്ന്നും നിശ്ചിത ചെരുവിൽ അഞ്ച് വരകൾ മരത്തിൽ അടയാളപ്പെടുത്തണം. ഇതിൽ ഏറ്റവും മുകളിലത്തെ വരയിലൂടെയാണ് വെട്ടുചാൽ തുറക്കേണ്ടത്. അതിനു താഴെയുള്ള വരകളെ 'ഗൈഡ് ലൈൻസ്' അഥവാ മാർഗരേഖകൾ എന്നു പറയുന്നു. ഈ വരകൾക്ക് സമാന്തരമായി

## ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞർക്ക് അവാർഡ്

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസേർച്ചിന്റെ കീഴിൽ കാസറഗോഡ് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് സംഘടിപ്പിച്ച ഇരുപത്തിയാറാമത് പ്ലാന്റേഷൻ ക്രോപ്സ് സിമ്പോസിയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞർക്ക് അവാർഡ് ലഭിച്ചു.



ഡോ. എം.ബി. മൊഹമ്മദ് സാദിഖ്

'എക്സ്പ്രഷൻ പ്രൊഫൈലിങ് ഓഫ് റബ്ബർ ബയോസിന്തസിസ് ജീൻ അസോസ്സിയേറ്റഡ് വിത്ത് യീൽഡ് പൊട്ടൻഷ്യൽ ഇൻ *ഹീവിയ ബ്രസീലിയൻസിസ്* അണ്ടർ വേരിയിങ് എൻവയോൺമെന്റൽ കണ്ടീഷൻസ്' (Expression profiling of rubber biosynthesis gene associated with yield potential in *Hevea brasiliensis* under varying environmental conditions) എന്ന വിഷയം അവതരിപ്പിച്ച ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ക്രോപ്പ് ഇംപ്രൂവ്മെന്റ് വിഭാഗത്തിലെ ശാസ്ത്രജ്ഞൻ ഡോ. എം.ബി. മൊഹമ്മദ് സാദിഖിന് 'ബെസ്റ്റ് ഫ്ളാഷ് ടോക്ക്'-നുള്ള ഡോ. ആർ.എൽ. നരസിംഹസ്വാമി മെമ്മോറിയൽ അവാർഡ് ലഭിച്ചു.



ഡോ. ഫേബ ജോസഫ്

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അഗ്രോണമി വിഭാഗത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫിന് 'എ.ഐ. ആന്റ് ഡിജിറ്റൽ ടൂൾസ് ഫോർ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ്' (AI and Digital Tools for Plant Health Management) എന്ന വിഭാഗത്തിൽ 'ക്രിസ്പ് (കോമ്പ്രിഹെൻസീവ് റബ്ബർ ഇൻഫർമേഷൻ സിസ്റ്റം പ്ലാറ്റ്ഫോം): എ മൊബൈൽ ആപ്പ് ഫോർ എൻഡ്-റ്റു-എൻഡ് റബ്ബർ കൾട്ടിവേഷൻ ആന്റ് പ്ലാന്റേഷൻ മാനേജ്മെന്റ്' (CRISP -Comprehensive Rubber Information System Platform: A Mobile App for End-to-End Rubber Cultivation and Plantation Management) എന്ന പ്രബന്ധത്തിന് മികച്ച അവതരണത്തിനുള്ള (Best Oral Presentation Award) അവാർഡും ലഭിച്ചു.

വേണം എപ്പോഴും വെട്ടുചാൽ നിലനിർത്താൻ. മാർഗരേഖകളുമായി ഒത്തുനോക്കുമ്പോൾ വെട്ടുചാലിന്റെ ചെരിവ്, പട്ടയുടെ വിനിയോഗം എന്നിവ മനസ്സിലാക്കുന്നതിന് സാധിക്കുന്നു. ഓരോ വർഷവും മരങ്ങളിൽ മാർഗരേഖകൾ അടയാളപ്പെടുത്തിയശേഷം വേണം വീണ്ടും ടാപ്പിങ് തുടങ്ങാൻ.

### വെട്ടുചാലിന്റെ ചെരിവും ദിശയും

വെട്ടുചാലിന്റെ ചെരിവ് കൃത്യമായി നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ചെരിവ് കൂടിയാൽ മുൻകാനവേഗം തറനിരപ്പിൽ എത്തുകയും മരങ്ങളുടെ ചുവടുഭാഗത്ത് ത്രികോണാകൃതിയിൽ കുറെ പട്ട ടാപ്പുചെയ്യാനാകാതെ നഷ്ടപ്പെടുകയും ചെയ്യും. നേരേമറിച്ച് ചെരിവ് കുറഞ്ഞുപോയാൽ റബ്ബർപാൽ വെട്ടുചാലിൽ നിന്നും പുറത്തേക്കൊഴുകി നഷ്ടപ്പെടും. മിക്കയിനം റബ്ബർമരങ്ങളിലും പട്ടയ്ക്കുള്ളിൽ പാൽക്കുഴലുകൾ ഇടതുതാഴെ നിന്ന് വലതുമുകളിലേക്ക് ഏതാണ്ട് മൂന്നു മുതൽ അഞ്ചു വരെ ഡിഗ്രി ചെരിഞ്ഞാണിരിക്കുന്നത്. അതിനാൽ, ഇടതു മുകളിൽനിന്നും വലതു താഴേയ്ക്ക് ടാപ്പുചെയ്താൽ മാത്രമേ കൂടുതൽ പാൽക്കുഴലുകൾ മുറിയുകയും ശരിയായ ഉത്പാദനം ലഭിക്കുകയും ചെയ്യൂ.

### ടാപ്പിങ്ങിന്റെ ആഴവും പട്ടയുടെ വിനിയോഗവും

എത്രമാത്രം ആഴത്തിൽ ടാപ്പുചെയ്യുന്നുവെന്നത് ഉത്പാദനത്തെ നിയന്ത്രിക്കുന്ന ഒരു സുപ്രധാന ഘടകമാണ്. തണ്ണിപ്പട്ടയോട് ചേർന്ന് ഒരു മില്ലീമീറ്റർ വരെ പട്ട നിർത്തി ടാപ്പുചെയ്യുമ്പോഴാണ് മെച്ചപ്പെട്ട ഉത്പാദനം ലഭിക്കുക. തണ്ണിപ്പട്ടയോട് ചേർന്ന ഭാഗത്ത് കൂടുതൽ പാൽക്കുഴലുകൾ ഉണ്ടെന്നതാണ് ഇതിനു കാരണം. അതുകൊണ്ട് ശരിയായ ആഴത്തിൽ ടാപ്പുചെയ്തില്ലെങ്കിൽ വിളവ് കുറയും. ആഴം കൂടിപ്പോയാൽ അത് തണ്ണിപ്പട്ടയ്ക്ക് ക്ഷതമേറ്റ് പുതുപ്പട്ടയുടെ വളർച്ചയെ ബാധിക്കാൻ ഇടയാകും.

### ടാപ്പിങ്ങിന്റെ ഇടവേള

ഒരുതവണ ടാപ്പുചെയ്യുമ്പോൾ പുറത്തുവരുന്ന അത്രയും പാൽ തൊട്ടടുത്തുള്ള ടാപ്പിങ്ങിനു മുമ്പായി അതേ അളവിലും കൊഴുപ്പിലും മരത്തിൽ ഉണ്ടായശേഷം മാത്രമേ പിന്നീട് ടാപ്പിങ് നടത്താവൂ. ഓരോ റബ്ബറിനങ്ങളിലും ഇതിനെടുക്കുന്ന സമയം വ്യത്യസ്തമാണ്. ആർആർഐഐ 105, ആർആർഐഐ 400 പരമ്പര മുതലായ ഇനങ്ങൾക്ക് കുറഞ്ഞത് മൂന്ന് ദിവസത്തെയെങ്കിലും ഇടവേള ആവശ്യമാണ്. ആവശ്യത്തിന് ഇടവേള നൽകിയില്ലെങ്കിൽ അത് മരങ്ങൾക്ക് പട്ടമരപ്പ് ബാധിക്കാൻ കാരണമായേക്കാം. റബ്ബർമരങ്ങളുടെ ക്രമമായ വളർച്ചയ്ക്കും ആരോഗ്യത്തിനും കൂടുതൽ ഇടവേള നൽകിയുള്ള ടാപ്പിങ് സഹായിക്കുന്നു. മാത്രമല്ല, അധികച്ചെലവ് കുറയ്ക്കുന്നതിനും കഴിയും. ഇടവേള കൃത്യമായി പാലിക്കുന്നതും വളരെ പ്രധാനമാണ്. ടാപ്പിങ് മുടങ്ങുന്നതും ഇടവേള തെറ്റിച്ച് അടുത്തടുത്ത് ടാപ്പുചെയ്യുന്നതും ഉത്പാദനത്തെ ബാധിക്കും. അത്യുത്പാദനശേഷിയുള്ള ഇനങ്ങളിൽ മൂന്നുദിവസത്തിലൊരിക്കൽ, നാലുദിവസത്തിലൊരിക്കൽ, ആഴ്ചയിലൊരിക്കൽ എന്നീ ഇടവേള കൂടിയ ടാപ്പിങ്രീതികൾ അവലംബിക്കാം.

ഇടവേള കൂടിയ ടാപ്പിങ്രീതികൾ സ്വീകരിച്ചാൽ ഉത്പാദനം കുറയുമെന്നും ഉത്തേജകൗഷധമായ എത്തഫോൺ പുരട്ടുന്നത് മരങ്ങൾക്ക് ദോഷകരമാണെന്നുമുള്ള ധാരണ ചില കർഷകർക്കുണ്ട്. എന്നാൽ ഇത് തികച്ചും അടിസ്ഥാനരഹിതമായ ധാരണയാണ്. റബ്ബർ ബോർഡ് നിഷ്കർഷിക്കുന്ന രീതിയിൽ ശാസ്ത്രീയമായ വിളവെടുപ്പ് രീതികൾ നടപ്പാക്കിയാൽ ഉത്പാദനം കൂട്ടാനും ദീർഘകാലം മെച്ചപ്പെട്ട വിളവ് നേടാനും കൃഷിച്ചെലവുകൾ കുറയ്ക്കാനും കഴിയും. •



ബെന്നി കെ.കെ.
പബ്ലിസിറ്റി ഓഫീസർ

## മേലുകാവിലെ
# വ്യത്യസ്തനായ കർഷകൻ

ഏകദേശം പത്ത് വർഷങ്ങൾക്കു മുമ്പ് തൊടുപുഴയിലെ കാർഷികമേളയിൽ വച്ചാണ് ഡെന്നീസിനെ പരിചയപ്പെട്ടത്. മുൻമന്ത്രി പി.ജെ. ജോസഫ് അധ്യക്ഷനായി തൊടുപുഴയിലെ ഗാന്ധിജി സ്റ്റഡി സെന്ററിന്റെ നേതൃത്വത്തിൽ വിപുലമായി നടത്തിയിരുന്ന കാർഷികമേള ഇടുക്കി ജില്ലക്കാരുടെ ഒരു ഉത്സവം തന്നെയായിരുന്നു. മേളയിൽ പ്രദർശനത്തിന് വെച്ചിരുന്ന കാർഷിക ഉത്പന്നങ്ങളുടെ വൈവിധ്യവും വിവിധ വിഷയങ്ങളെ അധികരിച്ച് നടത്തിവന്നിരുന്ന കാർഷിക സെമിനാറുകളും കർഷകരെ മാത്രമല്ല കൃഷിയെ സ്നേഹിക്കുന്ന എല്ലാവരെയും ഈ കാർഷികമേളയിലേക്ക് ആകർഷിച്ചിരുന്നു. റബ്ബർബോർഡിന്റെ ഒരു എക്സിബിഷൻ സ്റ്റാളും ഈ കാർഷികമേളയിൽ സ്ഥിരമായി ഇടം പിടിച്ചിരുന്നു. തൊടുപുഴക്കാർ ഈ കാർഷികമേള കാണാൻ സകുടുംബമായാണ് എത്തിയിരുന്നത്.

ഇനി ഡെന്നീസിലേക്ക് തിരിച്ചു വരാം. കാർഷികമേളയിലെ റബ്ബർബോർഡിന്റെ സ്റ്റാളിൽ വന്ന് റബ്ബർകൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് വിശദമായി ചോദിച്ച സുമുഖനായ ചെറുപ്പക്കാരനെ അന്നേ ശ്രദ്ധിച്ചു. ഇടുക്കി ജില്ലയിലെ മേലുകാവിലെ കാർഷികകുടുംബമായ പാലക്കുന്നത്ത് വീട്ടിലെ അംഗമാണെന്നും എറണാകുളത്ത് ഒരു പൊതുമേഖലാ സ്ഥാപനത്തിലാണ് ജോലിയെന്നും ഡെന്നീസ് പറഞ്ഞു. കൃഷിയോട് വളരെ താൽപര്യമാണെന്നും അവധി കിട്ടുമ്പോഴെല്ലാം വീട്ടിലെത്തി കൃഷിപ്പണികളിൽ ഏർപ്പെടുന്നതാണ് മനസിന് ഏറ്റവും സന്തോഷം ലഭിക്കുന്ന കാര്യമെന്നും അദ്ദേഹം പറഞ്ഞത് കൗതുകമായി തോന്നി.

അടുത്തിടെ റബ്ബർമരങ്ങൾക്കിടയിൽ നട്ടിരിക്കുന്ന



ഡെന്നീസ് സ്വന്തം മരങ്ങൾ ടാപ്പുചെയ്യുന്നു

കാപ്പിച്ചെടികൾക്കിടയിൽ നിൽക്കുന്ന ഡെന്നീസിന്റെ ഒരു ചിത്രം ഫേസ്ബുക്കിൽ കണ്ടപ്പോഴാണ് അദ്ദേഹത്തെ വീണ്ടും ഓർമ്മ വന്നത്. നമ്പർ തപ്പിയെടുത്ത് വിളിച്ചപ്പോൾ വീട്ടിലെ തന്റെ കൃഷികളെക്കുറിച്ച് വളരെ താൽപര്യത്തോടെ സംസാരിച്ചു. ഇപ്പോഴും ജോലി ചെയ്യുന്നത് എറണാകുളത്ത് ആണെങ്കിലും അവധി ദിവസങ്ങളിൽ എത്തി വീട്ടിലെ റബ്ബർമരങ്ങൾ താൻ തന്നെയാണ് ടാപ്പുചെയ്യുന്നത് എന്ന് കേട്ടപ്പോൾ ഡെന്നീസിനെ ഒന്ന് കാണണമെന്ന് തോന്നി.

അങ്ങനെ ഡെന്നീസിന് ഡ്യൂട്ടി ഓഫ് കിട്ടിയ ഒരു ദിവസം അദ്ദേഹത്തിന്റെ വീട്ടിലെത്തി. തൊടുപുഴയ്ക്കും ഈരാറ്റുപേട്ടയ്ക്കും ഇടയിലുള്ള മേലുകാവ് എന്ന ഉയർന്ന പ്രദേശത്താണ് അദ്ദേഹത്തിന്റെ 70-75 വർഷം പഴക്കമുള്ള വീട്. അവിടെ ഏകദേശം നാലര ഏക്കർ ഭൂമിയും സ്വന്തമായുണ്ട്. നല്ല ചെരിവുള്ള ഭൂമി കയ്യാലകൾ കെട്ടി തട്ടുകളായി തിരിച്ചിരിക്കുന്നു. റബ്ബർ, കാപ്പി, ജാതി, ഏലം തുടങ്ങി ഒട്ടുമിക്ക വിളകളും കൃഷി ചെയ്തിട്ടുണ്ട്. വെള്ളത്തിന് പൊതുവേ ബുദ്ധിമുട്ടുള്ള പ്രദേശമാണിത്. മലമുകളിൽ നിന്നുള്ള ഉറവകളാണ് വെള്ളത്തിന് ആശ്രയം. ഈ ഉറവകളിൽ നിന്നുള്ള വെള്ളം സംഭരിക്കുന്നതിനായി രണ്ടു കുളങ്ങളും ഒരു കിണറും ഉണ്ട്. ഇങ്ങനെ സംഭരിക്കുന്ന വെള്ളമുപയോഗിച്ചാണ് വേനൽകാലത്ത് പരിമിതമായി തോതിൽ വിളകൾ നനയ്ക്കുന്നത്. വെള്ളം ഒട്ടും നഷ്ടപ്പെടുത്താതിരിക്കാൻ തുള്ളിനന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

2010-ൽ നട്ട മുന്നൂറോളം റബ്ബർമരങ്ങളാണ് ഡെന്നീസിന് ഉള്ളത്. ആർആർഐഐ 414 എന്ന ഇനമാണ് കൃഷിചെയ്തിരിക്കുന്നത്. ആഴ്ചയിൽ രണ്ടു ദിവസമാണ് ടാപ്പിങ്. മഴക്കാലത്ത് ടാപ്പിങ് മുടങ്ങാതിരിക്കാൻ മരങ്ങളെല്ലാം റെയിൻഗാർഡ് ചെയ്തിട്ടുണ്ട്. മിക്കവാറും രാത്രിയിലാണ് ഡെന്നീസ് മരങ്ങൾ ടാപ്പുചെയ്യുന്നത്. രാവിലെ പാലെടുത്ത് ഉറ കൂട്ടും. പാലെടുക്കാനും ഉറ കൂട്ടാനുമെല്ലാം ഭാര്യ ബ്ലെസ്സിയും മക്കളായ ഹേബയും ഹെബിനും സഹായിക്കും. ആർആർഐഐ 414 എന്ന ഇനത്തിന്റെ പാലിന് കൊഴുപ്പ് കുറവാണെങ്കിലും ഓരോ മരത്തിൽ നിന്നും കിട്ടുന്ന പാലിന്റെ അളവ് കൂടുതലായതിനാൽ ആദായത്തിൽ കുറവില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. റബ്ബറിന് ഇടവിളയായി കാപ്പി കൃഷിചെയ്തിട്ടുണ്ട്. കാപ്പി തനിവിളയായി കൃഷി ചെയ്യുന്നതിനെ അപേക്ഷിച്ച് 40-50 ശതമാനം വിളവ്



ഡെന്നീസിന്റെ കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ശേഖരം

മാത്രമേ റബ്ബറിൽ ഇടവിളയായി കൃഷിചെയ്യുമ്പോൾ കിട്ടുന്നുള്ളൂ എങ്കിലും ഒരു അധികവരുമാനം എന്ന നിലയിൽ പരിഗണിക്കാവുന്നതാണ്.

ഡെന്നീസ് കൃഷിപ്പണികൾക്ക് തൊഴിലാളികളെ ആശ്രയിക്കുന്നത് വളരെ കുറവാണ്. പണികൾ എളുപ്പത്തിലും വേഗത്തിലും ചെയ്യുന്നതിന് സഹായിക്കുന്ന യന്ത്രസാമഗ്രികളുടെ ഒരു കൂട്ടം തന്നെ ഡെന്നീസിന്റെ പക്കൽ ഉണ്ട്. മുറ്റമടിക്കുന്നതിനുള്ള ബ്ലോവർ മുതൽ മരം മുറിക്കുന്നതിനുള്ള യന്ത്രവാൾ, പുല്ലു വെട്ടുന്നതിനുള്ള യന്ത്രം, മരുന്നടിക്കുന്നതിനുള്ള സാമഗ്രികൾ എന്നു വേണ്ട ഒട്ടു മിക്ക കാർഷികയന്ത്രങ്ങളും ഇദ്ദേഹത്തിന് സ്വന്തമായുണ്ട്. ജാതിക്കയും ജാതിപത്രിയും ഉണങ്ങിയെടുക്കുന്നതിന് ഒരു ഡ്രയറും ഡെന്നിസ് സ്വന്തമായി രൂപകൽപന ചെയ്ത് നിർമിച്ചിട്ടുണ്ട്. മറ്റു കർഷകരുടെ തോട്ടങ്ങൾ സന്ദർശിക്കുന്നതിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ലഭിക്കുന്ന കാർഷികമേഖലയിലെ നൂതനമായ അറിവുകൾ ഡെന്നീസ് തന്റെ തോട്ടത്തിലും പ്രാവർത്തികമാക്കുന്നു.

പുതിയ തലമുറ കൃഷിപ്പണികളിൽ നിന്ന് മാറി നിൽക്കുന്നത് ആശങ്കയുളവാക്കുന്ന കാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ശാരീരിക അധ്വാനം കുറയ്ക്കാൻ സഹായിക്കുന്ന യന്ത്രങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കുടുംബത്തിലെ എല്ലാ അംഗങ്ങളും അവരവർക്ക് സാധിക്കുന്ന രീതിയിൽ വീട്ടിലെ കൃഷിപ്പണികളിൽ ഏർപ്പെടുന്നത് കുടുംബാംഗങ്ങൾ തമ്മിലുള്ള സഹകരണം കൂട്ടാനും കൂലിച്ചെലവ് പരമാവധി കുറച്ച് കൃഷി ആദായകരമായി മുന്നോട്ടു കൊണ്ടുപോകാനും സഹായിക്കുമെന്ന് ഡെന്നീസ് പറഞ്ഞു.

കേരളത്തിൽ മറ്റു ജോലികളിൽ ഏർപെടാത്ത ചെറുകിട റബ്ബർകർഷകർ പോലും സ്വന്തം തോട്ടത്തിലെ മരങ്ങൾ സ്വയം ടാപ്പുചെയ്ത് ആദായമെടുക്കാൻ തയ്യാറാകുന്നില്ല. വീട്ടിൽ നിന്ന് വളരെ ദൂരെ ജോലി ചെയ്യുന്ന ഡെന്നീസ് തന്റെ തോട്ടത്തിലെ മരങ്ങൾ സ്വയം ടാപ്പു ചെയ്ത് ആദായം എടുക്കുന്നു എന്നത് അഭിനന്ദനം അർഹിക്കുന്ന ഒരു പ്രവർത്തിയാണ്. മറ്റു ജോലികൾ ഉള്ളവർക്ക് പോലും ഒന്ന് മനസ്സ് വെച്ചാൽ ഇടവേള കൂടിയ ടാപ്പിങ്രീതികൾ അവലംബിക്കുന്നതിലൂടെ അവധി ദിവസങ്ങൾ പ്രയോജനപ്പെടുത്തി സ്വന്തം തോട്ടത്തിലെ റബ്ബർമരങ്ങൾ ടാപ്പുചെയ്ത് ആദായമെടുക്കാൻ സാധിക്കും. ഇക്കാര്യത്തിൽ നമ്മുടെ കർഷകർക്ക് ഡെന്നീസിനെ മാതൃകയാക്കാവുന്നതാണ്.

*ഡെന്നീസിന്റെ ഫോൺ നമ്പർ - 9400234096* •



നിർമ്മൽകുമാർ
ഡെവലപ്മെന്റ് ഓഫീസർ



ദീപാ സുകുമാർ
ഫീൽഡ് ഓഫീസർ

# ‘കേര’ പരിശീലനപരിപാടി സംഘടിപ്പിച്ചു

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും വ്യവസായവികസനത്തിലും നിർണായക സ്ഥാനം വഹിക്കുന്ന റബ്ബർകൃഷിമേഖലയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് വർത്തമാനകാലത്തിന്റെ അനിവാര്യതയാണെന്ന് ‘കേര’ അഡീഷണൽ പ്രോജക്ട് ഡയറക്ടർ പി. വിഷ്ണുരാജ് ഐ.എ.എസ്. അഭിപ്രായപ്പെട്ടു. ‘കേര’ (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യു ചെയിൻ മോഡേണൈസേഷൻ പ്രോജക്റ്റ്) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന പരിശീലനപരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാർഷികമേഖലയുടെ കാലാവസ്ഥാപ്രതിരോധവും സുസ്ഥിരതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ബൃഹത് പദ്ധതിയാണ് ‘കേര’. റബ്ബർകൃഷി ഉൾപ്പെടെയുള്ള കൃഷികളിൽ കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കുക, കാർഷിക മൂല്യവർദ്ധിതശൃംഖല നവീകരിക്കുക, കാർഷികോത്പാദനവും കർഷക വരുമാനവും വർധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

സംസ്ഥാന കാർഷികവികസന-കർഷകക്ഷേമ വകുപ്പ്, വ്യവസായ-വാണിജ്യവകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ റബ്ബറുത്പാദകസംഘങ്ങളുടെ പ്രസിഡന്റുമാർക്കായി സംഘടിപ്പിച്ച പരിശീലനപരിപാടി റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമ്മൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഉത്പാദനക്ഷമത കുറഞ്ഞ തോട്ടങ്ങൾ ആവർത്തനക്കൃഷിയിലൂടെ പുനരുജ്ജീവിപ്പിക്കുന്നതോടൊപ്പം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനശൃംഖല വിപുലീകരിക്കേണ്ടതിന്റെ പ്രാധാന്യം പി. വിഷ്ണുരാജ് ഐ.എ.എസ്. വിശദീകരിച്ചു. ആരോഗ്യമേഖല, റെയിൽവേ മേഖല തുടങ്ങിയവയിൽ റബ്ബറിന്റെ ഉപയോഗസാദ്ധ്യതകൾ ചൂണ്ടിക്കാട്ടിയ അദ്ദേഹം, നൂതനമായ ഉത്പന്ന വൈവിധ്യവത്ക്കരണത്തിലൂടെ റബ്ബർമേഖലയ്ക്ക് കൂടുതൽ വിപണി സാധ്യതകൾ സൃഷ്ടിക്കാമെന്ന് വ്യക്തമാക്കി. ഇതുമായി ബന്ധപ്പെട്ട് റബ്ബറുത്പാദക സംഘങ്ങളുടെ പ്രസിഡന്റുമാരുമായി അദ്ദേഹം ചർച്ചയും നടത്തി.

പരിശീലനത്തിന്റെ ഭാഗമായി കൃഷിവകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറും കേരപദ്ധതിയുടെ ടെക്നിക്കൽ




*പി. വിഷ്ണുരാജ് ഐ.എ.എസ്. സംസാരിക്കുന്നു*



പരിശീലനപരിപാടിയിൽ പങ്കെടുത്തവർ

ഓഫീസറുമായ ജേക്കബ് ജോയ്, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കേണ്ട മാർഗങ്ങൾ, കാർഷികമേഖലയിലേക്ക് സ്റ്റാർട്ടപ്പുകൾ കൊണ്ടുവരേണ്ടതെങ്ങിനെ, കാർഷികോത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം എന്നിവയെക്കുറിച്ച് സമഗ്രമായ വിശദീകരണം നൽകി. തുടർന്ന് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് ഡെപ്യൂട്ടി ഡയറക്ടറും പ്ലാന്റേഷൻ സ്പെഷ്യലിസ്റ്റുമായ അഞ്ജിത് ആർ.എസ്., പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപവത്കരണത്തിന്റെ പശ്ചാത്തലവും ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങളും 'കേര' പദ്ധതിയുടെ പ്രാധാന്യവും വിശദീകരിച്ചു. അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ പ്രവീൺ രാജ്, കെ-സ്വിഫ്റ്റ് പോർട്ടൽ, ഉദ്യം രജിസ്ട്രേഷൻ തുടങ്ങിയവയെ സംബന്ധിച്ചും ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വിശദീകരിച്ചു.



'കേര' അഡീഷണൽ പ്രോജക്ട് ഡയറക്ടർ വിഷ്ണുരാജ് ഐ.എ.എസ്. പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുന്നു

അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ സൗമിത്രി കൃഷ്ണനുണ്ണി, കാർഷിക അടിസ്ഥാനസൗകര്യ വികസന നിധി ഉപയോഗപ്പെടുത്താവുന്ന പദ്ധതികളെ സംബന്ധിച്ച് വിശദീകരണം നൽകി. കേന്ദ്ര/സംസ്ഥാന സബ്സിഡി സ്കീമുകളായ പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിങ് എന്റർപ്രൈസസ് (PMFME), സബ്-മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM), പ്രധാനമന്ത്രി എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (PMEGP), ഓൺട്രപ്രൂണർ സപ്പോർട്ട് സ്കീം (ESS) തുടങ്ങിയവയിലൂടെ കാർഷികമേഖലയിൽ നിക്ഷേപം വർധിപ്പിക്കുന്നതിനുള്ള സാധ്യതകളും അദ്ദേഹം വിശദീകരിച്ചു. തുടർന്ന് കാനറാ ബാങ്ക് സീനിയർ മാനേജർ രമ്യ വേണുഗോപാൽ, ബാങ്ക് നൽകിവരുന്ന വിവിധ കാർഷികവായ്പാപദ്ധതികൾ, കിസാൻ ക്രെഡിറ്റ് കാർഡ് തുടങ്ങിയവയെക്കുറിച്ച് സംസാരിച്ചു.

റബ്ബർബോർഡ് കമ്പനികളുടെ പ്രസക്തിയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അനന്തപുരി റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ പി.എസ്. അനിൽകുമാറും പൊന്മുടി റബ്ബേഴ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ എം.എസ്. സുമയും വിശദീകരിച്ചു. സർക്കാർ അനുബന്ധ സാമ്പത്തികസഹായ പദ്ധതികൾ, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും തൊഴിലാളിക്ഷേമപദ്ധതികളെക്കുറിച്ചും റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർമാരായ ദീപാ സുകുമാർ, ആതിര അജിത്ത് എന്നിവർ വിശദീകരിച്ചു. റബ്ബർ ആവർത്തനക്കൃഷി, നടീൽരീതികൾ, വിളപരിപാലനം എന്നിവ സംബന്ധിച്ച് റബ്ബർ ബോർഡ് ഫീൽഡ് ഓഫീസർ നമിത എൽസ ടോം, 'കേര' ഫീൽഡ് ഓഫീസർമാരായ ദേവിക ആർ.എസ്., രേഷ്മ ആർ.എസ്. എന്നിവർ ക്ലാസ്സുകൾ എടുത്തു.

ആവർത്തനക്കൃഷി, മൂല്യവർധന, വിപണനശൃംഖലാവികസനം, ധനസഹായസംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് റബ്ബർകൃഷിയെ കൂടുതൽ ലാഭകരവും സുസ്ഥിരവുമായ മേഖലയാക്കി മാറ്റുന്നതിനുള്ള നിർണായകവേദിയായി ഈ ഏകദിനപരിശീലനപരിപാടി മാറി. •





വി.ആർ. സുജാത
ലൈബ്രേറിയൻ

## പുതിയ ചുവടുവെയ്പ്പുകളുമായി

# റബ്ബർഗവേഷണകേന്ദ്ര ലൈബ്രറി

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലൈബ്രറിയുടെ സേവനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ വേണ്ടി ചില പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

### ‘എനി ടൈം ബുക്ക്’ (Any Time Book - ATB) ലൈബ്രറി

റബ്ബർഗവേഷണകേന്ദ്രത്തിലെ കാമ്പസ് സന്ധ്യകൾക്ക് ഇന്ന് വായനയുടെ നിറമാണ്. വായനയുടെ മധുരം നുകരാൻ റബ്ബർബോർഡിലെ തൊഴിലാളികൾക്കും കാമ്പസ് നിവാസികൾക്കുമൊപ്പം കുട്ടികളുടെ നിറസാന്നിധ്യവുമുണ്ട്. കോവിഡ് കാലം മുതൽ മൊബൈലിൽ മാത്രം ഒതുങ്ങിയിരുന്ന കുട്ടികളെ വായനയുടെ ലോകത്ത് എത്തിച്ചത് ATB ലൈബ്രറി എന്ന പുതിയ ആശയമാണ്. പുസ്തകം എല്ലാവരിലേക്കും എത്തിക്കുക എന്നതാണ് ഇതിലൂടെ റബ്ബർമേഖലയിലെ ലോകോത്തര ലൈബ്രറികളിലൊന്നായ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്ര ലൈബ്രറി ലക്ഷ്യമിടുന്നത്.

ഗവേഷണകേന്ദ്രത്തിലെ ലൈബ്രറിയിൽ വൈവിധ്യമാർന്ന വിഷയങ്ങളിലുള്ള പുസ്തകശേഖരങ്ങളാണുള്ളതെങ്കിലും റബ്ബർ വിഷയാധിഷ്ഠിതങ്ങളായ പുസ്തകങ്ങൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. കൂടാതെ, സ്പെഷ്യൽ ലൈബ്രറിയുടെ വിഭാഗത്തിൽ ഉൾപ്പെടുന്ന ഈ ലൈബ്രറിയിൽ റബ്ബർബോർഡുജീവനക്കാർ, ഗവേഷണവിദ്യാർത്ഥികൾ, ട്രെയിനികൾ എന്നിവർക്ക് മാത്രമേ പുസ്തകങ്ങൾ ലഭ്യമാകൂ. എന്നാൽ, ATB ലൈബ്രറിയിൽ റബ്ബർബോർഡിലെ തൊഴിലാളികൾ, ട്രെയിനികൾ, കാമ്പസ് റെസിഡന്റ്സ് കൗൺസിൽ അംഗങ്ങൾ, കാമ്പസിലും പുറത്തും താമസിക്കുന്ന





*കുട്ടികളും മുതിർന്നവരും ലൈബ്രറിയിൽനിന്ന് പുസ്തകങ്ങൾ എടുക്കുന്നു*

റബ്ബർബോർഡ് ജീവനക്കാരുടെ കുടുംബാംഗങ്ങൾ, പ്രത്യേകിച്ച് കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനം ലഭിക്കുന്ന ഒരു ക്രമീകരണമാണ് ചെയ്തിട്ടുള്ളത്. റബ്ബർബോർഡ് ഓഫീസിന്റെ പ്രവൃത്തിസമയം കഴിഞ്ഞും ഈ ലൈബ്രറി പ്രവർത്തിക്കുന്നു എന്നത് പ്രത്യേകതയാണ്.

വായനക്കാർക്ക് രെജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം സ്വന്തം ഉത്തരവാദിത്തത്തിൽ പുസ്തകങ്ങൾ എടുക്കാം. വായിച്ചുതീരുന്ന ക്രമത്തിൽ പരമാവധി പതിന്നാലു ദിവസത്തിനുള്ളിൽ രെജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം പുസ്തകം ഷെൽഫിൽ തിരികെ നിക്ഷേപിക്കേണ്ടതാകുന്നു. തുടക്കത്തിൽ നൂറ്റമ്പതോളം പുസ്തകങ്ങളാണ് ഈ ലൈബ്രറിയിൽ ഉള്ളത്. ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഇത് വിപുലീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നോവലുകൾക്കും കവിതകൾക്കും പുറമെ ഡിക്ഷണറി, എൻസൈക്ലോപീഡിയ മുതലായ റഫറൻസ് ഗ്രന്ഥങ്ങളും ഇവിടെയുണ്ട്. താൽപര്യമുള്ള ആർക്കും ഈ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമ്മാനിക്കാവുന്നതാണ്. വായനക്കാർ ഈ സൗകര്യം ദുരുപയോഗപ്പെടുത്താതെ സർവ്വാത്മനാ ഏറ്റെടുക്കുമെന്ന വിശ്വാസമാണ് ഈ സംരംഭത്തിന്റെ അടിത്തറ.

ഈ ലൈബ്രറി തുറന്ന നാൾ മുതൽ കുട്ടികളും മറ്റു കാമ്പസ് നിവാസികളും ഇവിടേക്കെത്തിത്തുടങ്ങി എന്നത് മാത്രം മതി ഇതുപോലെയൊരു ലൈബ്രറി ഇവിടെ അനിവാര്യമായിരുന്നുവെന്നു മനസ്സിലാക്കാൻ. ഈ വായനാകേന്ദ്രത്തിൽ പുസ്തകം തെരെഞ്ഞെടുക്കുന്നതും വായിച്ചശേഷം നിശ്ചിത ദിവസത്തിനുള്ളിൽ തിരിച്ചു വെയ്ക്കുന്നതുമെല്ലാം വായനക്കാർ തന്നെയാണ്.

2025-ലെ ദേശീയ ലൈബ്രറി വാരാഘോഷ വേളയിലാണ് കാമ്പസ്സിനുള്ളിൽ പ്രവർത്തിക്കുന്ന ഈ ഓപ്പൺ ലൈബ്രറിയുടെ ഔപചാരിക ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്.-ന്റെ സാന്നിധ്യത്തിൽ റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. ദേബബ്രദ റായ് നിർവ്വഹിച്ചത്.

## സ്കൂൾലൈബ്രറികളുടെ നവീകരണം

റബ്ബർഗവേഷണകേന്ദ്രം ലൈബ്രറിയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി മച്ചുകാട് ഗവ. എൽ. പി. സ്കൂളിന് ഇരുനൂറോളം ബുക്കുകളും ബുക്ക് ഷെൽഫും കൈമാറുകയുണ്ടായി. 2024-ലെ നാഷണൽ ലൈബ്രറി വാരാഘോഷത്തിന്റെ ഭാഗമായി പുസ്തകങ്ങളും ഒരു ബുക്ക് ഷെൽഫും സ്കൂൾ ഹെഡ്മാസ്റ്റർ ബെന്നി മാത്യുവിന് കൈമാറിയത് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ആയിരുന്നു. ഏതാനും പ്രസിദ്ധീകരണങ്ങൾ മാത്രമുണ്ടായിരുന്ന സ്കൂൾലൈബ്രറിയിൽ കുട്ടികളുടെ ശ്രദ്ധയാകർഷിക്കുന്ന കൂടുതൽ കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങൾ പുതിയ പുസ്തക ഷെൽഫിൽ ഏറെ ആകർഷകമായ രീതിയിൽ ക്രമീകരിച്ചു കൊടുക്കാൻ റബ്ബർഗവേഷണകേന്ദ്രം ലൈബ്രറിക്ക് സാധിച്ചു.

## ലൈബ്രറി കൂടുതൽ ആളുകളിലേക്ക്

2023-ൽ ദേശീയ ലൈബ്രറി വാരാഘോഷം ആരംഭിച്ചതുമുതൽ, ലൈബ്രറിയുടെ പ്രവർത്തനങ്ങൾ സ്കൂൾ കുട്ടികളും പൊതുജനങ്ങളും ഉൾപ്പെടുന്ന കൂടുതൽ ആളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ റബ്ബർഗവേഷണകേന്ദ്ര ലൈബ്രറി ഒരാഴ്ചക്കാലം കുട്ടികളും കർഷകരും ഉൾപ്പെടുന്ന പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നുണ്ട്.

കേന്ദ്രീയ വിദ്യാലയം, കോട്ടയം; ഗവ. എൽ.പി. സ്കൂൾ, മച്ചുകാട്; മാർ ബസേലിയോസ് സ്കൂൾ, കോട്ടയം; ഗവ. യു.പി.സ്കൂൾ, ചീരംകുളം എന്നിവിടങ്ങളിലെ കുട്ടികളും അധ്യാപകരും അനധ്യാപകരും ഉൾപ്പെടെ എഴുനൂറോളം ആളുകൾക്കാണ് ഇത് മൂലം റബ്ബർഗവേഷണകേന്ദ്രം ലൈബ്രറിയെക്കുറിച്ച് അറിയാനുള്ള അവസരം ലഭിച്ചത്. സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും ഒരു സ്പെഷ്യൽ ലൈബ്രറി കാണാനും റബ്ബർഗവേഷണകേന്ദ്രത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനും ഒരു ഗവേഷണസ്ഥാപനത്തിന്റെ വളർച്ചയിൽ ലൈബ്രറിക്കുള്ള പങ്കിനെക്കുറിച്ച് മനസ്സിലാക്കാനും സർവ്വോപരി റബ്ബർഗവേഷണകേന്ദ്രത്തിന്റെ കാമ്പസ് സന്ദർശിക്കുവാനുമുള്ള അവസരം ലഭിച്ചു. •

**Form IV**

Statement of Ownership and other Particulars
about Newspaper Rubber

| | | | |
|---|---|---|---|
| 1. | Place of Publication | : | Kottayam |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | B. Sreekumar |
| 4. | Whether Citizen of India | : | Yes |
| | Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 5. | Publisher's Name | : | B. Sreekumar |
| | Whether Citizen of India | : | Yes |
| | Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 6. | Editor's Name | : | B. Sreekumar |
| | Whether Citizen of India | : | Yes |
| | Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 7. | Name and address of individuals who own the Newspaper and printers or shareholders holding more than one percent of the total capital | : | The Newspaper is owned by the Rubber Board, a statutory body constituted under the Rubber Act 1947 |

I, B. Sreekumar hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
Date: 11 March 2026

Sd/
Publisher

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



### പുകപ്പുരനിർമാണവും നിലവിലുള്ളവയുടെ ന്യൂനതാപരിഹാരവും

പുകപ്പുരകളുടെ നിർമാണവും നിലവിലുള്ള പുകപ്പുരകളുടെ ന്യൂനതകൾ പരിഹരിക്കുന്നതും സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് 2026 മാർച്ച് 18 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ റബ്ബർബോർഡിലെ ജോയിന്റ് ഡയറക്ടർ (എഞ്ചിനീയറിങ്) ടോംസൺ ഫ്രാൻസിസ് കെ. മറുപടി പറയും.

### ഒട്ടുപാൽ സംഭരണവും വിപണനവും

ഒട്ടുപാൽ സംഭരണവും വിപണനവും സംബന്ധിച്ച ചോദ്യങ്ങൾക്ക് 2026 ഏപ്രിൽ 08 ബുധനാഴ്ച രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡുകമ്പനിയായ കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ രഞ്ജിത്ത് ഡി. മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***



ഏബ്രഹാം ജോൺ

## നന്മനിറഞ്ഞ കർഷകർക്കൊപ്പം
# അർപ്പണബോധമുള്ള ഉദ്യോഗസ്ഥരും

**റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷത്തോടനുബന്ധിച്ച് 'റബ്ബർകൃഷി വ്യാപനം - ഒരു ഓർമക്കുറിപ്പ്' എന്ന വിഷയത്തെ അധികരിച്ച് റബ്ബർബോർഡു ജീവനക്കാർക്കാർക്കും മുൻ ജീവനക്കാർക്കുമായി നടത്തിയ ഉപന്യാസ രചനാമത്സരത്തിൽ രണ്ടാം സമ്മാനം നേടിയ ലേഖനം.**

റബ്ബർബോർഡ് രൂപവത്കരിക്കപ്പെട്ടതു മുതൽ ക്രമാനുഗതമായ വളർച്ചയാണ് കേരളത്തിലെ റബ്ബർകൃഷിക്കുണ്ടായിട്ടുള്ളത്. സാക്ഷരതയുടെ പര്യായമായ കോട്ടയം പട്ടണത്തിലുള്ള റബ്ബർബോർഡ് എന്ന സ്ഥാപനവും അടുത്തുള്ള റബ്ബർഗവേഷണകേന്ദ്രവും ക്രമേണ വികസിതമായി. പരമ്പരാഗത കൃഷികളിൽ ഉറച്ചുനിന്ന കേരളത്തിലെ കർഷകർക്ക് യൂറോപ്യൻമാർക്ക് റബ്ബറിനോടുണ്ടായിരുന്ന ആഭിമുഖ്യവും റബ്ബറിൽ നിന്നുള്ള സാമ്പത്തിക മേന്മയുമൊക്കെ മാതൃകയായി. റബ്ബർബോർഡിന്റെ വികസനപ്രവർത്തനങ്ങളും കൃഷിവികസനപദ്ധതികളും കർഷകരെ ഈ കൃഷിയിലേക്ക് ആകർഷിച്ചു. കൂടുതൽ കർഷകർ റബ്ബറിന്റെ കൃഷിരീതികൾ മനസ്സിലാക്കിയതോടെ റബ്ബർകൃഷി ചെറുകിടമേഖലയിലേക്ക് വ്യാപിച്ചുതുടങ്ങി. അങ്ങനെ കേരളത്തിലെ ചെറുകിട കർഷകരും ഒരു റബ്ബർസംസ്കാരത്തിന്റെ ഭാഗമായി. റബ്ബർബോർഡിന്റെ കുറിക്കുകൊള്ളുന്ന പ്രവർത്തനശൈലിയും വികസനോദ്യോഗസ്ഥരുടെ സേവനവുമൊക്കെയാണ് റബ്ബറിനെ നമ്മുടെ പരമ്പരാഗതകൃഷിയാക്കി മാറ്റിയെടുത്തത്. വ്യാവസായികമേഖലയിൽ അടിക്കടി ഉയരുന്ന റബ്ബറിന്റെ ഉപഭോഗം തന്നെയാണ് റബ്ബറിന്റെ നേട്ടവും മെച്ചവുമെല്ലാം. റബ്ബർകൃഷി തുടങ്ങി ഒരു നൂറ്റാണ്ടിലേറെയായിട്ടും റബ്ബറിന് പകരം നിൽക്കാൻ മറ്റൊരു വിളയും കടന്നുവരാത്തവിധം ഇവിടെ നിലനിൽക്കുന്ന ഒരു കൽപവൃക്ഷമാണല്ലോ റബ്ബർ.

റബ്ബർകൃഷിവികസനത്തിന്റെ സംഭവബഹുലമായ നാളുകൾ കടന്നുപോയപ്പോൾ കാലത്തിന്റെ ചെറിയ വലയത്തിൽ ഒതുങ്ങിയ ഒരുപാട് സഹപ്രവർത്തകരെയാണ് മനസ്സിൽ വരുന്നത്. റബ്ബർകൃഷി വ്യാപനത്തിന്റെ ആവേശത്തിൽ ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലാക്കി പിൻതലമുറയ്ക്ക് മാതൃകയായവരും അനവധിയാണ്. ഇന്ന് കൃഷിവികസനത്തിന്റെ ആവേശമൊക്കെ ഒരു പരിധിവരെ കെട്ടടങ്ങിയപ്പോഴും റബ്ബർബോർഡ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്തതിന്റെ അഭിമാനവും സംതൃപ്തിയും എല്ലാവരുടെയും മനസ്സിലുണ്ട്. ഇന്നത്തെപ്പോലെ പുരോഗതിയില്ലാത്ത സാഹചര്യങ്ങളാണ് അരനൂറ്റാണ്ടുമുമ്പുണ്ടായിരുന്നത്. പ്രശ്നങ്ങളും സമ്മർദ്ദങ്ങളുമൊക്കെ മനസ്സിലൊതുക്കി തീക്ഷ്ണതയോടെ ജോലിചെയ്ത സ്ഥലങ്ങൾ, അവിടെയൊക്കെ ഇടപഴകിയ കർഷകർ, പ്രസ്ഥാനങ്ങൾ, ഒക്കെ ഓർമയിലൂടെ കടന്നുപോകുന്നു. കർഷകർ അധ്വാനശീലരും നന്മനിറഞ്ഞവരുമാണെന്നുള്ള സങ്കൽപം യാഥാർത്ഥ്യമാക്കിയ ഒരുപാട് കർഷകർ അങ്ങോളമിങ്ങോളമുണ്ട്. ഫയലുകൾ നിറച്ച ബാഗും കക്ഷത്തിലിടുക്കി കുടയും പിടിച്ച് മഴയത്തും വെയിലത്തും ഏകാന്തപഥികനെപ്പോലെ കൃഷിയിടങ്ങൾ തേടി, കർഷകരെത്തേടി, മലയോരങ്ങളിലൂടെ, നടന്നുനീങ്ങുന്ന ഫീൽഡ് ഉദ്യോഗസ്ഥനാണ് എന്നും എന്റെ മനസ്സിൽ. അതുപോലെ കളമുണ്ടുടുത്ത് തോർത്തും തോളിലിട്ട് തൊഴുകൈകളോടെ ഉദ്യോഗസ്ഥരെ സ്വീകരിക്കുന്ന അന്നത്തെ കർഷകരും.

കൃഷിവികസനം കാലത്തിന്റെ ആവശ്യമായിരുന്നു, യജ്ഞമായിരുന്നു. നൂറ്റാണ്ടിനുമുമ്പ് കാഞ്ഞിരപ്പള്ളിയിലെത്തിയ മർഫി സായ്പ്പും പത്തനംതിട്ടയിലെ വടശ്ശേരിക്കരയിലെത്തിയ ബ്രണ്ണൻ സായ്പ്പും ഒക്കെ പാകിയ റബ്ബർവിത്തുകളാണ് കേരളത്തിലുടനീളവും ഇന്ന് വടക്കുകിഴക്കൻ മേഖലകളിലുമെല്ലാം വേരുപിടിച്ചിട്ടുള്ളത്. പഴയ ചരിത്രവും മണ്ണും തേടിയിറങ്ങിയപ്പോൾ വടശ്ശേരിക്കരയിൽ പമ്പയാറിന്റെ തീരത്ത് കൈചൂണ്ടി ഇവിടെയാണ് ബ്രണ്ണൻ സായ്പ്പ് റബ്ബർവിത്ത് പാകിയത് എന്നു പറഞ്ഞ കർഷകരാരും ഇന്ന് ജീവിച്ചിരിപ്പില്ല. എങ്കിലും പല വൻകിട എസ്റ്റേറ്റുകളിലുമുള്ള നിശ്ചലമായ കുതി



1992-ൽ നിലമ്പൂരിൽ നടത്തിയ ഒരു പരിശീലനപരിപാടിയിൽ ലേഖകൻ സംസാരിക്കുന്ന ചിത്രം (1992 ജൂൺ ലക്കം റബ്ബർമാസികയിൽ നിന്ന്)

രലായങ്ങളും ബംഗ്ലാവും റബ്ബർമെഷിനറികളുമൊക്കെ ഇന്നത്തെ കാഴ്ചവസ്തുക്കളായി പരിണമിക്കുന്നു. യൂറോപ്യൻ കാലഘട്ടം രാജവാഴ്ച തന്നെയായിരുന്നു. അവരുടെ ദീർഘവീക്ഷണവും മാർഗദർശനവുമൊക്കെയാണല്ലോ ഇന്നത്തെ ചെറുകിടമേഖലയുടെ വളർച്ചയും നേട്ടങ്ങളും അത്രയുംതന്നെ. റബ്ബർവികസനം ഒരിക്കൽ രാജ്യത്തിന്റെ തന്നെ ആവശ്യമായിരുന്നു. റബ്ബർവ്യാപനത്തിന് ചുക്കാൻ പിടിച്ച അന്നത്തെ വികസനോദ്യോഗസ്ഥരും കർഷകരുമൊക്കെ കടംകഥകൾ പലതും അവശേഷിപ്പിച്ചുകൊണ്ട് ഇന്ന് പഴഞ്ചനായി മാറി. പിൻതലമുറക്കാർക്ക് മാതൃകയായിത്തീർന്ന അവരുടെ മഹത്വവും മൂല്യനിർണയവുമൊക്കെ പുതുമയോടെ ഇന്നും നിലനിൽക്കുന്നുണ്ട്. ജീവിതംതന്നെ റബ്ബർ അധിഷ്ഠിതമാക്കിയവരാണ് അന്നത്തെ ഉദ്യോഗസ്ഥരും കർഷകരും. റബ്ബർകൃഷി വ്യാപനം ഓരോ ഫീൽഡ് ഉദ്യോഗസ്ഥന്റെയും കടമയാണെന്ന് ബോധ്യപ്പെടുത്തിത്തന്ന റബ്ബർബോർഡിന്റെ പ്രഗൽഭരായ മുൻകാല ഉദ്യോഗസ്ഥരെ നന്ദിയോടെയാണ് ഓർക്കാൻ കഴിയുക. മറവി അനുഗ്രഹമാണെന്ന് പറയാറുണ്ടെങ്കിലും ഔദ്യോഗികകാലത്തെ ഓർമയിൽ ചില നുറുങ്ങുകൾപോലെ പലതും അവശേഷിക്കുന്നു. എന്റെ ഔദ്യോഗികജീവിതത്തിന് വഴികാട്ടിയായത് പത്തനംതിട്ട ഓഫീസിലെ ജൂനിയർ ഫീൽഡ് ഓഫീസറായിരുന്ന പി.കെ. ആനന്ദക്കുട്ടൻ നായരാണ്. പിതാവിന്റെ കൃഷിയിടം സന്ദർശിക്കാൻ എന്റെ 'കണി' പോലെ ജീപ്പിൽ വന്നെത്തിയ അദ്ദേഹം മടക്കയാത്രയിൽ പറഞ്ഞു, 'ഒരു അപേക്ഷ അയച്ചുനോക്ക്, ചിലപ്പോൾ പരിഗണിച്ചേക്കും.' പിന്നീട് അദ്ദേഹത്തെ കാണുന്നത് വർഷങ്ങൾക്കുശേഷം പത്തനംതിട്ട ഓഫീസിൽ ജോലി ചെയ്യാൻ എത്തിയപ്പോഴാണ്. ട്രെയിനിങ് കാലത്ത് മലബാറിലൂടെ ജീപ്പിൽ സഞ്ചരിക്കുമ്പോൾ മഞ്ചേരിക്ക് സമീപം വച്ച് കക്ഷത്തിൽ ബാഗും കൈയിലൊരു കുടയും പിടിച്ച് നടന്നുനീങ്ങുന്ന ചെറുപ്പക്കാരനെ ജോയിന്റ് കമ്മീഷണർ ജഗദീഷ് ദാസ് പരിചയപ്പെടുത്തി. ഒ.വി. സിൻഹ എന്ന ഫീൽഡ് ഓഫീസർ. കോഴിക്കോട്ടുനിന്നും മഞ്ചേരിയിലേക്കുള്ള യാത്രയിലാണ് അദ്ദേഹം. അദ്ദേഹത്തെ കണ്ടപ്പോൾ എനിക്ക് വിഷമം തോന്നി. ഒരു ഫീൽഡ് ഓഫീസർ ഇത്രമാത്രം കഷ്ടപ്പെടണോ എന്ന തോന്നലായിരുന്നു മനസ്സിൽ. തുടക്കക്കാരനായതുകൊണ്ടാവാം എനിക്ക് അങ്ങനെ ചിന്തിക്കേണ്ടിവന്നത്.

തൊടുപുഴ ഓഫീസിലെത്തിയ അന്നത്തെ പബ്ലിക് റിലേഷൻസ് ഓഫീസർ പി.കെ. നാരായണൻ പുതുക്കൃഷി വ്യാപനത്തിന്റെ കുറെ അപേക്ഷകളുമായി എന്നെയും കൂട്ടി മാർക്കറ്റിലേക്ക് നീങ്ങി. പൊതുമദ്ധ്യത്തിൽ കാർ നിർത്തി ഹാൻഡ് മൈക്ക് ഉപയോഗിച്ച് പ്രസംഗിച്ചുതുടങ്ങിയ അദ്ദേഹം ഇടയ്ക്ക് എന്നോടു പറഞ്ഞു, 'ഒരാളെങ്കിലും അപേക്ഷ വാങ്ങിയാൽ നമ്മൾ വിജയിച്ചു'. കോട്ടയത്ത് പബ്ലിസിറ്റി വിഭാഗത്തിൽ ജോലി ചെയ്യുമ്പോഴാണ് റബ്ബർ സബ്സിഡി വർദ്ധിപ്പിച്ചു എന്ന് തലക്കെട്ട് എഴുതിയ കാർഷികലേഖനം അന്ന് കമ്മീഷണറായിരുന്ന പി.കെ. നാരായണൻ തിരുത്തിയെഴുതിയത്. റബ്ബർ സബ്സിഡി 8000 രൂപയാക്കി എന്ന് തിരുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു, 'കർഷകർക്ക് എല്ലാം വായിച്ചെടുക്കാൻ നേരം കിട്ടത്തില്ലടോ, കൈയിൽ എന്തു കിട്ടുമെന്ന് തലക്കെട്ടിലൂടെ തന്നെ വ്യക്തമാക്കണം.' ഇതൊക്കെ അദ്ദേഹത്തിന്റെ പ്രാഗൽഭ്യം തെളിയിക്കുന്ന അവസരങ്ങളായിരുന്നു. ചാലിയാർപുഴയുടെ തീരത്ത് വള്ളമടുക്കുമ്പോൾ പൊടുന്നനെ കുത്തൊഴുക്കിൽപ്പെട്ട് മറിഞ്ഞ വള്ളത്തിലിരുന്നുകൊണ്ട് ഫയലുകൾ നിറച്ച ബാഗ് മറുകരയിലേക്ക് എറിഞ്ഞ എന്റെ മനസ്സിൽ തോന്നിയത് അത് നിലമ്പൂരിലെ കുറെ കർഷകരുടെ ജീവനായിരുന്നു എന്നാണ്. ഇതൊക്കെ അന്നത്തെ റബ്ബർവികസനത്തിന്റെ, അർപ്പണബോധത്തിന്റെ മാറ്റുരയ്ക്കുന്ന ചില ജീവിതാനുഭവങ്ങൾ മാത്രമാണ്. മലയോരങ്ങളിലെ റബ്ബർതോട്ടങ്ങളിലൂടെ നടന്നുനീങ്ങിയപ്പോഴൊക്ക വിയർപ്പിൽ കുതിർന്ന തൂവാലകൾ പിഴിഞ്ഞ് ആ മണ്ണിലേക്ക് വീണ വിയർപ്പുമണികൾ ആരും കണ്ടില്ലെങ്കിലും അതൊക്കെ ആ മണ്ണിനെത്തന്നെ സംപുഷ്ടമാക്കിയിട്ടുണ്ടായിരിക്കാം. ഒരു കാലഘട്ടത്തിൽ ഒരുമയോടെ ജോലി ചെയ്ത കുറെ ഫീൽഡ് ഉദ്യോഗസ്ഥരുടെ അർപ്പണബോധവും ത്യാഗവുമൊക്കെയാണ് റബ്ബറിനെയും റബ്ബർ ബോർഡ് എന്ന സ്ഥാപനത്തെയും ഒരു സുവർണകാലത്തിലെത്തിച്ചത്.

ഇത്തരുണത്തിൽ 'റബ്ബർ' എന്ന മാസികയെപ്പറ്റി പരാമർശിച്ചില്ലെങ്കിൽ അതൊരു കുറവാണെന്ന ബോധ്യം മനസ്സിലുണ്ട്. റബ്ബർകൃഷി വ്യാപനത്തിന് എക്കാലത്തും ശ്രദ്ധേയമായ പങ്ക് വഹിച്ച ഒരു ഘടകമാണല്ലോ ഈ പ്രസിദ്ധീകരണം. 'റബ്ബർ' എന്റെ ജീവനായിരുന്നു എന്ന് ചിന്തിക്കുന്നത് വ്യക്തിപരമാണെങ്കിലും അതിലേറെ അഭിമാനവുമുണ്ട്. ഏതാണ്ട് ഇരുപത് വർഷക്കാലം ഈ പ്രസിദ്ധീകരണത്തിനുവേണ്ടി എഴുതി. വേറിട്ട പ്രയത്നങ്ങളും നേട്ടങ്ങളുമായി കഴിഞ്ഞ കുറെ കർഷകരെ പലരുടെയും മാതൃകയാക്കാൻ കഴിഞ്ഞു. അക്കൂട്ടത്തിൽ നിലമ്പൂരിലെ മുൻ കർഷകശ്രീ ആവിയിൽ ജോസഫും ഉൾപ്പെടുന്നു. കേരളം റബ്ബർകൃഷിയുടെ പൈതൃകസ്വത്താണ്. കാലത്തിന്റെ നീക്കത്തിലുണ്ടായ റബ്ബറിന്റെ വളർച്ചയിലും തുടർന്നുണ്ടായ തളർച്ചയിലുമെല്ലാം പ്രതിച്ഛായ നഷ്ടപ്പെടാത്ത ഒരു സ്ഥാപനമായി ഇന്നും റബ്ബർബോർഡ് നിലകൊള്ളുന്നത് റബ്ബർബോർഡിലെ അന്നും ഇന്നുമുള്ള സേവനതൽപരരായ ഉദ്യോഗസ്ഥരുടെ എക്കാലത്തെയും നന്മനിറഞ്ഞ മനസ്സിന്റെ പ്രതിഫലനം ആണെന്ന് എല്ലാവരും ഓർമിക്കട്ടെ.

*(റബ്ബർബോർഡിലെ മുൻ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറാണ് ലേഖകൻ)* •

# GOLDEN TOUCH®

## FORMIC ACID



**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

## *Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറിലെ മഞ്ഞുകാല രോഗങ്ങൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എഡ്വിൻ പ്രേം ഇ., 'റബ്ബറുത്പാദനപ്രോത്സാഹനപദ്ധതി' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ദിലീപ് സി.എൽ., 'റബ്ബർബോർഡ് നഴ്സറികളിലെ നടീൽവസ്തുക്കളുടെ ബുക്കിങ്' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബറിലെ മഞ്ഞുകാലരോഗങ്ങൾ

1. ***റബ്ബറിനെ ബാധിക്കുന്ന പ്രധാന മഞ്ഞുകാലരോഗങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ?***

മഞ്ഞുകാലത്ത് റബ്ബറിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ പൊടിക്കുമിൾ രോഗവും *കൊറിനിസ്പോറ* രോഗവുമാണ്. എല്ലാ പ്രായത്തിലുമുള്ള റബ്ബർമരങ്ങളുടെയും തളിരിലകളെയാണ് പൊടിക്കുമിൾരോഗം ബാധിക്കുന്നത്. കുമിളിന്റെ രേണുക്കൾ ഇലപ്പരപ്പിൽ വെളുത്ത പൊടിപോലെ പാടുകളായി പറ്റിപ്പിടിച്ചിരിക്കുന്നത് കാണാം. രോഗം ബാധിച്ച ഇലകൾ കരിഞ്ഞ് ചുരുങ്ങുകയും പിന്നീട് കൊഴിഞ്ഞുപോകുകയും ചെയ്യും. ഇലത്തണ്ടുകൾ കൊഴിയാതെ കുറ്റിച്ചൂലുപോലെ കുറെദിവസം മരങ്ങളിൽ നിൽക്കുന്നതായി കാണാം.

റബ്ബർമരങ്ങളുടെ തളിരിലകളെ ബാധിക്കുന്ന മറ്റൊരു രോഗമാണ് *കൊറിനിസ്പോറ* ഇലരോഗം. സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം പുതിയ ഇലകൾ കിളിർക്കുന്ന സമയത്താണ് ഈ രോഗം ആരംഭിക്കുന്നത്. എല്ലാ പ്രായത്തിലുമുള്ള ഇലകളെയും രോഗം ബാധിക്കും. ആദ്യമായി ഇലകളിൽ തവിട്ടു നിറമുള്ള ചെറിയ പൊട്ടുകൾ രൂപപ്പെടുന്നു. ഈ പൊട്ടുകൾ വലുതായി പിന്നീട് നല്ല തവിട്ടുനിറമാകുന്നു. ഈ പാടുകളുടെ ചുറ്റിലും മഞ്ഞനിറമുള്ള വലയം ഉണ്ടായിരിക്കും. രോഗം ബാധിച്ച ഇലകൾ വേഗം കൊഴിയുകയും ചെയ്യും. കഠിനമായ രോഗബാധയുണ്ടായാൽ ചെടികളുടെ കൂമ്പ് ഉണങ്ങി ഇലകൾ കൊഴിയും. പ്രഭാതസമയത്തുള്ള മൂടൽമഞ്ഞും ഉയർന്ന ഈർപവും പിന്നീട് പകൽസമയത്തെ ഉയർന്ന താപനിലയും രോഗബാധയ്ക്കും രോഗവ്യാപനത്തിനും കാരണമാകും. തളിരിലകൾ ഉണ്ടാകുന്ന സമയത്ത് മേൽപറഞ്ഞ അവസ്ഥയുണ്ടെങ്കിൽ മരങ്ങൾ പരിശോധിച്ച് രോഗം ബാധിച്ചിട്ടുണ്ടോ എന്ന് നോക്കണം.

2. ***ടാപ്പുചെയ്യുന്ന റബ്ബർതോട്ടങ്ങളിൽ ഗന്ധകപ്പൊടി അടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ടാപ്പുചെയ്യുന്ന റബ്ബർതോട്ടങ്ങളിൽ പൊടിക്കുമിൾ രോഗത്തിനെതിരെ ഗന്ധകപ്പൊടി (സൾഫർ) അടിക്കുന്നത് രോഗബാധ തടയുന്നതിന് ഫലപ്രദമാണ്. ഇതിനായി എഴുപത് ശതമാനം ഗന്ധകമടങ്ങിയ പൊടിയാണ് ഉപയോഗിക്കേണ്ടത്. നന്നായി ഉണക്കിയെടുത്തതും അന്തരീക്ഷത്തിൽ പെട്ടെന്ന് വ്യാപിക്കുന്ന തരത്തിലുള്ളതുമായ ഗന്ധകപ്പൊടി 125 മെഷ് കണ്ണിയകലമുള്ള അരിപ്പയിൽ കൂടി കടന്നുപോകത്തക്കവിധം നേർത്തതായിരിക്കണം. സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം തോട്ടങ്ങളിൽ പത്തുശതമാനം മരങ്ങൾ തളിരിടുമ്പോൾ മുതൽ ഇലകൾ മൂപ്പെത്തുന്നതുവരെ രണ്ടാഴ്ച ഇടവിട്ട് മൂന്ന് മുതൽ ആറ് വരെ തവണ ഗന്ധകപ്പൊടി അടിക്കേണ്ടതാണ്. വലിയമരങ്ങളിൽ മൈക്രോൺ ഡസ്റ്റർ ഉപയോഗിച്ച് ഗന്ധകപ്പൊടി അടിക്കുന്നതാണ് നല്ലത്. തോട്ടങ്ങളിൽ നാലുവരി ഇടവിട്ട് പൊടിയടിച്ചാൽ മതിയാകും. പൊടിയടിക്കുന്നത് അതിരാവിലെയാകുന്നതാണ് കൂടുതൽ ഫലപ്രദം. ആ സമയത്ത് കാറ്റില്ലാത്തതിനാലും ഇലകളിൽ മഞ്ഞുവീണ് നനവുണ്ടായിരിക്കുമെന്നതിനാലും ഇലകളിൽ പൊടി നന്നായി പറ്റിപ്പിടിക്കും.

3. ***ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ പൊടിയടിക്കുന്നതിന് എത്രത്തോളം ഗന്ധകപ്പൊടി ആവശ്യമായി വരും?***

ഒരു ഹെക്ടർ റബ്ബർത്തോട്ടത്തിൽ ഒരു പ്രാവശ്യം ഗന്ധകപ്പൊടി അടിക്കുന്നതിന് ഏകദേശം 11 മുതൽ 14 വരെ കിലോഗ്രാം ഗന്ധകപ്പൊടി ആവശ്യമാണ്.

4. ***റബ്ബർനഴ്സറിയിലും ചെറുമരങ്ങളിലും ഉണ്ടാകുന്ന പൊടിക്കുമിൾരോഗത്തെ എങ്ങനെ നിയന്ത്രിക്കാം?***

റബ്ബർനഴ്സറിയിലും ചെറുമരങ്ങളിലും പൊടിക്കുമിൾ രോഗത്തിനെതിരായി വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം (വെറ്റബിൾ സൾഫർ) 0.02 ശതമാനം വീര്യത്തിൽ (രണ്ടര ഗ്രാം ഗന്ധകപ്പൊടി ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) തളിച്ചുകൊടുത്താൽ രോഗബാധ തടയാം. അല്ലെങ്കിൽ കാർബെൻഡാസിം എന്ന കുമിൾനാശിനി 0.05 ശതമാനം (ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) ഉപയോഗിച്ചാലും രോഗബാധ ഫലപ്രദമായി നിയന്ത്രിക്കാം. രണ്ടാഴ്ച ഇടവേളയിൽ ഇവ മാറിമാറി തളിക്കുന്നതാണ് കൂടുതൽ ഫലപ്രദം.

5. ***കൊറിനിസ്പോറ രോഗത്തിനെതിരെ ചെയ്യാവുന്ന നിയന്ത്രണമാർഗങ്ങൾ എന്തൊക്കെയാണ്?***

*കൊറിനിസ്പോറ* രോഗത്തിനെതിരായി ഒന്നു മുതൽ നാലുവരെ വർഷം പ്രായമുള്ള റബ്ബർതൈകളിൽ വെള്ളത്തിൽ കലർത്തി തളിക്കാവുന്ന കുമിൾനാശിനികളായ മാങ്കോസെബ് (0.02 ശതമാനം), കാർബൈൻഡാസിം (0.05 ശതമാനം), ബോർഡോ മിശ്രം (ഒരു ശതമാനം) ഇവയിലേതെങ്കിലുമൊന്ന് രണ്ടാഴ്ചത്തെ ഇടവേളയിൽ തളിച്ചുകൊടുക്കേണ്ടതാണ്. അഞ്ചു വർഷത്തിനുമേൽ പ്രായമുള്ള മരങ്ങൾക്ക് *കൊറിനിസ്പോറ* രോഗത്തിനെരായി


എഡ്വിൻ പ്രേം ഇ. സംശയങ്ങൾക്ക് മറുപടി പറയുന്നു


ദിലീപ് സി.എൽ. സംശയങ്ങൾക്ക് മറുപടി പറയുന്നു

എണ്ണയിൽ കലർത്താവുന്ന ചെമ്പുകുമിൾനാശിനി ഉപയോഗിക്കുന്നതാണ് ഉത്തമം. ഇതിനായി കോപ്പർ ഓക്സിക്ലോറൈഡ് അഗ്രിക്കൾച്ചറൽ സ്പ്രേഓയിലുമായി 1:5 എന്ന അനുപാതത്തിൽ കലർത്തി (ഒരു ഹെക്ടറിന് 40 ലിറ്റർ) 'മൈക്രോൺ സ്പ്രേയർ' (നാലുപേർ കൂടി ചുമക്കുന്ന തരത്തിലുള്ളത്) ഉപയോഗിച്ച് വലിയ മരങ്ങളിലും 'മിസ്റ്റ് സ്പ്രേയർ' (ഒരാൾക്ക് ചുമക്കാവുന്ന തരത്തിലുള്ളത്) ഉപയോഗിച്ച് ഉയരം കുറഞ്ഞ മരങ്ങളിലും മരുന്നു തളിച്ച് രോഗപ്രതിരോധപ്രവർത്തനം നടത്തേണ്ടതാണ്.

## റബ്ബറുത്പാദനപ്രോത്സാഹനപദ്ധതി

1. ***റബ്ബറുത്പാദനപ്രോത്സാഹനപദ്ധതി പ്രകാരം റബ്ബറിനുള്ള പ്രോത്സാഹന ധനസഹായം നിശ്ചയിക്കുന്നത് എങ്ങനെ?***
   ഒരു കിലോഗ്രാം ആർ.എസ്.എസ്. നാലാം ഗ്രേഡ് ഷീറ്റുറബ്ബറിന് റബ്ബർബോർഡ് പ്രസിദ്ധീകരിച്ചിരിക്കുന്ന വിലയും വിപണിസഹായവിലയായി നിശ്ചയിച്ചിരിക്കുന്ന 200 രൂപയും തമ്മിലുള്ള വ്യത്യാസമാണ് കിലോഗ്രാം പ്രതി റബ്ബറിനുള്ള പ്രോത്സാഹന ധനസഹായമായി നൽകുന്നത്.
2. ***ഒന്നിൽ കൂടുതൽ ജില്ലകളിൽ റബ്ബർകൃഷിയുള്ളവർ അതതു ജില്ലകളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ?***
   വിവിധ സ്ഥലങ്ങളിൽ റബ്ബർകൃഷി ഉള്ളവർ സൗകര്യപ്രദമായ സ്ഥലത്തെ റബ്ബറുത്പാദകസംഘത്തിലാണ് അപേക്ഷ സമർപിക്കേണ്ടത്. സ്വന്തം ഉടമസ്ഥതയിൽ വിവിധ സ്ഥലങ്ങളിലുള്ള റബ്ബർകൃഷിയുടെ കൃത്യമായ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.
3. ***പദ്ധതിയിൽ അംഗമായിരിക്കുന്ന കർഷകൻ മരണപ്പെട്ടാൽ അവകാശികൾക്ക് അംഗത്വം തുടരാൻ സാധിക്കുമോ?***
   കൃഷിഭൂമി ക്രയവിക്രയം നടത്തിയിട്ടില്ലെങ്കിൽ അവകാശികൾക്ക് അംഗത്വം തുടരാൻ സാധിക്കും. മരണസർട്ടിഫിക്കറ്റിനോടൊപ്പം ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, എല്ലാ അനന്തരാവകാശികളുടെയും ഫോട്ടോയും ആധാർ കാർഡിന്റെ പകർപ്പും, എല്ലാ അനന്തരാവകാശികളും ഒപ്പിട്ട അപേക്ഷാഫോറം എന്നിവയോടൊപ്പം അനുബന്ധ ഫോറം-1 പൂരിപ്പിച്ച് അവകാശികളിൽ ഒരാളെ നോമിനിയാക്കാവുന്നതാണ്. നോമിനിയുടെ അക്കൗണ്ട് വിവരങ്ങളും നൽകണം. ഈ അക്കൗണ്ടിലേക്കായിരിക്കും തുടർന്ന് ധനസഹായം ലഭിക്കുന്നത്.
4. ***റബ്ബർപാൽ വിപണനം ചെയ്യുമ്പോൾ പ്രോത്സാഹന ധനസഹായം കണക്കാക്കുന്നതെങ്ങനെയാണ്?***
   റബ്ബർപാലിൽ അടങ്ങിയിരിക്കുന്ന റബ്ബറിന്റെ ഉണക്കത്തൂക്കം അടിസ്ഥാനമാക്കിയാണ് സഹായധനം നൽകുന്നത്. റബ്ബറിന്റെ വിപണിസഹായവിലയായ 200 രൂപയിൽനിന്ന് ആർ.എസ്.എസ്. നാലാം ഗ്രേഡ് ഷീറ്റിന്റെ നോട്ടിഫൈഡ് വില അല്ലെങ്കിൽ റബ്ബർപാലിന്റെ നോട്ടിഫൈഡ് വില ഇവയിൽ ഏതാണോ കൂടുതൽ ആ തുക കുറവ് ചെയ്യും. ഇങ്ങനെ ലഭിക്കുന്ന തുകയിൽനിന്ന് 10 രൂപ (ഒരു കിലോഗ്രാം ഷീറ്റുറബ്ബർ സംസ്കരിക്കുന്നതിന് വരുന്ന ചെലവ്) കുറച്ചുള്ള തുകയാണ് ഒരു കിലോഗ്രാം ഉണക്കറബ്ബറിനുള്ള സഹായധനമായി നൽകുന്നത്.
5. ***പട്ടയമില്ലാത്ത ഭൂമിയിൽ കൃഷിചെയ്തിരിക്കുന്ന റബ്ബറിന് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുമോ?***
   പട്ടയം ലഭ്യമല്ലാത്തവർ റവന്യൂ അധികാരികളിൽ നിന്ന് ലഭിക്കുന്ന കൈവശാവകാശരേഖയും (Possession Certificate), റബ്ബർബോർഡിൽ നിന്ന് റബ്ബർകൃഷിക്കുള്ള പെർമിറ്റ് ലഭിച്ചവർ അതും കൂടി ഹാജരാക്കുന്ന പക്ഷം പട്ടയമില്ലാത്ത ഭൂമിയിൽ കൃഷി ചെയ്തിരിക്കുന്ന റബ്ബറിനും പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ ഫോറങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.
6. ***ബില്ലുകൾ ഹാജരാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***
   ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തപ്പോൾ നൽകിയ

പേരും ബില്ലിൽ രേഖപ്പെടുത്തിയ പേരും ഒന്നുതന്നെയായിരിക്കണം. ഉത്പന്നത്തിന്റെ ഇനം (ഷീറ്റ്/പാൽ), ഗ്രേഡ്, തൂക്കം, ഉണക്കത്തൂക്കം തുടങ്ങിയ വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ബില്ലുകളിൽ തീയതി, മെഷീൻ ഉപയോഗിച്ച് രേഖപ്പെടുത്തിയ ക്രമനമ്പർ, ഡീലർ നമ്പർ തുടങ്ങിയവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. യാതൊരു കാരണവശാലും ബില്ലിന്റെ പകർപ്പ് സ്വീകരിക്കുന്നതല്ല. റബ്ബർബോർഡിൽ കൃത്യമായി റിട്ടേണുകൾ സമർപ്പിക്കുന്ന അംഗീകൃത റബ്ബർവ്യാപാരികളുടെ പക്കൽ നിന്നു ലഭിക്കുന്ന ബില്ലുകൾ വേണം സമർപ്പിക്കാൻ. അല്ലാത്തവ നിരസിക്കപ്പെടും. പദ്ധതിയിൽ ചേർന്നപ്പോൾ ലഭിച്ച ആറക്ക അംഗത്വനമ്പർ ബില്ലിനു മുകളിൽ വ്യക്തമായി എഴുതിയിരിക്കണം. ബില്ലിന്റെ മറുവശത്ത് അപേക്ഷകന്റെ പേര്, ഒപ്പ്, ബില്ല് സമർപ്പിക്കുന്ന തീയതി എന്നിവയും രേഖപ്പെടുത്തണം. വെട്ടിത്തിരുത്തലുകൾ നടത്തിയ ബില്ലുകൾ സ്വീകരിക്കുന്നതല്ല.

**7. *റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയുടെ പരമാവധി ആനുകൂല്യം ലഭിക്കാൻ എന്തു ചെയ്യണം?***

പദ്ധതിയുടെ പതിനൊന്നാം ഘട്ടം 2025 ജൂലൈ ഒന്നു മുതൽ 2026 ജൂൺ 30 വരെയാണ്. ഈ കാലയളവിൽ സഹായധനത്തിന് അർഹതയുള്ള റബ്ബറിന്റെ ഉണക്കത്തൂക്കം ഹെക്ടർ പ്രതി 1800 കിലോഗ്രാമാണ്. കൃത്യമായ ഇടവേളകളിൽ റബ്ബർഷീറ്റ്, റബ്ബർപാൽ എന്നിവ വിറ്റ് ബില്ലുകൾ റബ്ബറുത്പാദകസംഘങ്ങളിൽ സമർപിക്കുകയും അവ കൃത്യമായും ക്രമമായും അപ്‌ലോഡ് ചെയ്യുകയും ചെയ്താൽ പരാമാവധി ആനുകൂല്യങ്ങൾ നേടാൻ കഴിയും.

**8. *ബാങ്ക് അക്കൗണ്ടിലെ തകരാറുമൂലം ധനസഹായത്തുക തിരിച്ചുപോയാൽ അതു ലഭിക്കാനായി എന്തു ചെയ്യണം?***

ബാങ്ക് അക്കൗണ്ടിലെ ന്യൂനതകൾ പരിഹരിച്ച് ആധാറുമായി ബന്ധിപ്പിച്ച സേവിങ്സ് ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ റബ്ബറുത്പാദകസംഘം മുഖേന സമർപ്പിച്ചാൽ ആനുകൂല്യങ്ങൾ ലഭിക്കും.

**9. *ഈ പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എവിടെ നിന്ന് ലഭിക്കും?***

പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകളിൽ നിന്നോ റബ്ബർബോർഡിന്റെ കോൾസെന്ററിൽ നിന്നോ (0481 2576622) ലഭിക്കുന്നതാണ്.

## റബ്ബർബോർഡ് നഴ്സറികളിലെ നടീൽവസ്തുക്കളുടെ ബുക്കിങ്

**1. *തൈകൾ വാങ്ങുന്നതിനുള്ള അപേക്ഷാഫോറം എവിടെ നിന്ന് ലഭിക്കും?***

റബ്ബർബോർഡിന്റെ ഓഫീസുകളിലും നഴ്സറികളിലും അപേക്ഷാഫോറം ലഭ്യമാണ്. റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ നിന്ന് (www.rubberboard.gov.in) ഡൗൺലോഡ് ചെയ്തെടുത്ത ഫോമും ഉപയോഗിക്കാം.

**2. *റബ്ബർബോർഡു നഴ്സറികളിൽനിന്ന് തൈകൾ ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്?***

തൈകൾ ആവശ്യമുള്ള കർഷകർക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ മുക്കടയിലുള്ള സെൻട്രൽ നഴ്സറിയുമായോ (ഫോൺ നമ്പർ 6282935868) ബന്ധപ്പെട്ട് അപേക്ഷയും തന്നാണ്ട് കരമടച്ച രസീതും നൽകി കപ്പുതൈ ഒന്നിന് 30 രൂപ നിരക്കിൽ പണമടച്ച് തൈകൾ ബുക്കുചെയ്യാവുന്നതാണ്. ബാക്കി തുക തൈകൾ വാങ്ങുന്നതിന് മുമ്പായി അടച്ചു തീർക്കണം.



കെ. ചന്ദ്രലേഖ സംശയങ്ങൾക്ക് മറുപടി പറയുന്നു

**3. *റബ്ബർബോർഡിന്റെ നഴ്സറികളിൽനിന്ന് വിതരണം ചെയ്യുന്ന നടീൽവസ്തുക്കളുടെ വിലവിവരം ഏങ്ങനെയാണ്?***

കപ്പുതൈ ഒന്നിന് 100 രൂപയും കൂടത്തൈ ഒന്നിന് 80 രൂപയും ഒട്ടുതൈക്കുറ്റി ഒന്നിന് 40 രൂപയും ബഡ്ഡുവുഡ് മീറ്ററിന് 35 രൂപയുമാണ് കേരളത്തിലെ വില. നടീലിനുശേഷം തിരിച്ചേൽപ്പിക്കുന്ന ഉപയോഗയോഗ്യമായ് കപ്പ് ഒന്നിന് ഏഴുരൂപ നിരക്കിൽ പിന്നീട് തിരികെ ലഭിക്കുന്നതാണ്.

**4. *ക്രൗൺബഡ്ഡിങ്ങിനുപയോഗിക്കുന്ന എഫ്.എക്സ്. 516 എന്ന ഇനത്തിന്റെ തൈകൾ റബ്ബർബോർഡു നഴ്സറികളിൽ ലഭ്യമാണോ?***

റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള മുക്കട സെൻട്രൽ നഴ്സറിയിൽനിന്ന് പരിമിതമായ തോതിൽ എഫ്.എക്സ്. 516-ന്റെ കപ്പുതൈകൾ 200 രൂപ നിരക്കിൽ ലഭ്യമാണ്. ഇതിന്റെ ബഡ്ഡുവുഡ് മീറ്ററിന് 100 രൂപ നിരക്കിൽ റബ്ബർബോർഡിന്റെ മുക്കട, ഉളിക്കൽ എന്നിവിടങ്ങളിലെ നഴ്സറികളിൽ നിന്ന് ലഭിക്കും.

**5. *റബ്ബർബോർഡു നഴ്സറികളിൽ നിന്നുള്ള തൈവിതരണത്തെക്കുറിച്ച് കൂടുതലായി എവിടെനിന്ന് അറിയാൻ സാധിക്കും?***

കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായോ റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്ററുമായോ ബന്ധപ്പെടുക (കോൾസെന്റർ ഫോൺനമ്പർ 0481-257 66 22).

തയ്യാറാക്കിയത്
**സ്ലീബ വി. പോൾ**
(ഫാം ഓഫീസർ)

# Guard Against the Monsoon! Secure Your Latex Tapping Channels with

# ANNA RAINPROOF

(Rain Guarding Compound)

WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON





## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF

ISO 9001:2015
VEXIL BPS MS
Q9133755

NABCB
QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ai ANNA INDUSTRIES™
SINCE 1991

**Anna Industries**
(An ISO 9001:2015 Certified Company)
Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
www.annabusiness.com
Toll Free : 1800 1230 366



# ഏപ്രിൽ മാസത്തെ കൃഷിപ്പണികൾ

നഴ്സറികളിലെ തൈകൾക്ക് ആവശ്യമെങ്കിൽ നന തുടരാം. മഴ ലഭിക്കുന്ന മുറയ്ക്ക് അവയിൽ ബഡ്ഡിങ് ആരംഭിക്കാം. കപ്പുതൈകളുടെയും കൂട തൈകളുടെയും നഴ്സറികളിൽ കളയെടുപ്പു നടത്താം.

നഴ്സറിത്തൈകളിലും തോട്ടത്തിലെ ചെറു തൈകളിലും ഉണ്ടാകുന്ന അനാവശ്യമായ കിളിർപ്പുകൾ തുടക്കത്തിൽതന്നെ നീക്കംചെയ്യണം.

## നിലമൊരുക്കലും കുഴിയെടുക്കലും

പുതുക്കൃഷിക്കും ആവർത്തനക്കൃഷിക്കും വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കാവുന്നതാണ്. നിലമൊരുക്കുമ്പോൾ മുറിച്ചിട്ട പാഴ്മരങ്ങളും ചെടികളുമെല്ലാം ഉണങ്ങിക്കഴിഞ്ഞ് അവിടവിടെയായി കൂട്ടിയിടണം. കൃഷി തുടങ്ങുന്നതിന് നിരയെടുത്ത് കുഴികളുടെ സ്ഥാനം അടയാളപ്പെടുത്തുക. വേനൽമഴ ലഭിച്ചാൽ കുഴിയെടുത്തു തുടങ്ങാം. നിരപ്പായ സ്ഥലങ്ങളിൽ ചതുരാകൃതിയിലോ ദീർഘചതുരാകൃതിയിലോ തൈകൾ നടാം. കുന്നിൻപ്രദേശങ്ങളിൽ കോണ്ടൂർരീതിയിൽ വേണം നിരയെടുക്കാൻ. ചെരിവുള്ള സ്ഥലങ്ങളിൽ മണ്ണുസംരക്ഷണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കണം.

**പിങ്കുരോഗത്തിനെതിരെ പ്രതിരോധനടപടി എന്ന നിലയ്ക്ക് മഴക്കാലത്തിനു തൊട്ടുമുമ്പ് ബോർഡോക്കുഴമ്പ് (10 ശതമാനം) പുരട്ടാം. രണ്ടും മൂന്നും വർഷം പ്രായമുള്ള മരങ്ങളിലാണ് മരുന്നു പുരട്ടേണ്ടത്. തൈകളുടെ കവരഭാഗത്ത് ചുറ്റും ഒരടി നീളത്തിൽ ബോർഡോക്കുഴമ്പ് പുരട്ടണം.**



## കുഴിയെടുക്കൽ

ശരാശരി മണ്ണാഴമുള്ള സ്ഥലമാണെങ്കിൽ 75 സെ.മീ. (2.5 അടി) വീതം നീളവും വീതിയും ആഴ



വുമുള്ള കുഴികളും ഉറച്ചതോ മണ്ണാഴം കുറഞ്ഞതോ ആയ സ്ഥലങ്ങളിൽ 90 സെ.മീ. (3 അടി) വീതം നീളവും വീതിയും ആഴവുമുള്ള കുഴികളാണ് തയ്യാറാക്കേണ്ടത്. ഒരു മീറ്ററോ അതിലേറെയോ മണ്ണാഴമുള്ള സ്ഥലങ്ങളിൽ കൂട ഇറക്കിവെയ്ക്കാൻ തക്ക വലിപ്പമുള്ള ചെറിയ കുഴികൾ മതിയാകും.

മേൽമണ്ണ് ഉപയോഗിച്ചുവേണം കുഴി മൂടാൻ. കുഴി മൂടുമ്പോൾ മുകൾഭാഗത്തെ 20 സെ.മീ. മണ്ണിൽ 12 കിലോഗ്രാം കമ്പോസ്റ്റ് അല്ലെങ്കിൽ നന്നായി അഴുകി പ്പൊടിഞ്ഞ ചാണകം ചേർക്കണം. അതോടൊപ്പം 200 ഗ്രാം റോക്ക് ഫോസ്ഫേറ്റ് കലർത്തുന്നതും നല്ലതാണ്.

## കളയെടുപ്പ്

വളമിടലിനു മുമ്പ് കളയെടുപ്പ് നടത്തണം. നീക്കം ചെയ്ത കളകൾ നടീൽനിരകളിലാണ് ശേഖരിക്കേണ്ടത്. അവ ഉണങ്ങിയശേഷം ചെടികളുടെ ചുവട്ടിൽ ചവറുവെയ്ക്കാൻ ഉപയോഗിക്കാം.

## വളംചേർക്കൽ

ചെറുതൈകൾ ഊർജസ്വലമായി വളരുന്നതിനും വിളവെടുക്കുന്ന മരങ്ങളിൽ പാലുത്പാദനം മെച്ചപ്പെടുന്നതിനും ചിട്ടയായ വളപ്രയോഗം ആവശ്യമാണ്. മണ്ണിലടങ്ങിയിട്ടുള്ളതും മരങ്ങൾക്കു ലഭ്യമായതുമായ പോഷകങ്ങളുടെ ഏറ്റക്കുറച്ചിൽ മനസ്സിലാക്കി ആവശ്യത്തിനുമാത്രം വളംചെയ്യുകയാണ് ശരിയായ രീതി. ഇതിന് കൃഷിയിടത്തിലെ മണ്ണും മരങ്ങളുടെ ഇലയും പരിശോധിച്ച് വളം ചെയ്യണം. എന്നാൽ, ഈ രീതി എപ്പോഴും പ്രായോഗികമായിരിക്കുകയില്ല എന്നുവരാം. അതുകൊണ്ടാണ് ചെറുതൈകൾക്കും വിളവെടുക്കുന്ന മരങ്ങൾക്കും വളമിടലിനു പൊതുവായ ശുപാർശകൾ നൽകിയിട്ടുള്ളത്.

റബ്ബറിന് ചേർക്കുന്ന വളത്തിന്റെ ആദ്യതവണ സാധാരണമായി ഏപ്രിൽ/മെയ് മാസങ്ങളിലാണ് നൽ





കേണ്ടത്. ആവശ്യത്തിനു മഴ ലഭിക്കുകയാണെങ്കിൽ വളം ചേർക്കുന്നത് ഏപ്രിലിൽ തന്നെയാകാം.

കന്യാകുമാരി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലും കർണാടക, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിലും മണ്ണിൽ മഗ്നീഷ്യത്തിന്റെ അംശം കൂടുതലുള്ളതിനാൽ തൈകൾ നട്ട് ആദ്യത്തെ നാലുവർഷക്കാലം 12-12-6 എൻ.പി.കെ. മിശ്രിതമാണ് നൽകേണ്ടത്. (കൂടത്തൈ ഉപയോഗിച്ച് കൃഷിചെയ്ത തോട്ടങ്ങളിൽ മരം പ്രതി ഒന്നാം വർഷം 380 ഗ്രാമും രണ്ടാം വർഷം രണ്ടു തുല്ല്യ തവണകളായി 760 ഗ്രാം എന്ന കണക്കിലും നൽകണം. ഇതിൽ ആദ്യ രണ്ടുവർഷക്കാലം പകുതി ഭാഗം വെള്ളത്തിൽ ലയിക്കുന്ന രൂപത്തിലുള്ള ഫോസ്ഫേറ്റ് അടങ്ങിയ വളമിശ്രിതമാണ് റബ്ബർതൈകൾക്ക് ശുപാർശ ചെയ്തിരിക്കുന്നത്. മൂന്നും നാലും വർഷങ്ങളിൽ വെള്ളത്തിൽ ലയിക്കാത്ത രൂപത്തിലുള്ള റോക്ക് ഫോസ്ഫേറ്റ് ചേർത്തുള്ള വളമിശ്രിതം ഉപയോഗിക്കാം.

മറ്റെല്ലാ പ്രദേശങ്ങളിലും 10-10-4-1.5 എൻ.പി.കെ. എംജി. വളമിശ്രിതമാണ് ഉപയോഗിക്കേണ്ടത്. കൂടത്തൈ ഉപയോഗിച്ച് കൃഷിചെയ്ത തോട്ടങ്ങളിൽ തൈ ഒന്നിന് ഒന്നാം വർഷം 450 ഗ്രാമും രണ്ടാം വർഷം രണ്ടു തുല്ല്യ തവണകളായി 900 ഗ്രാം എന്ന കണക്കിലും നൽകണം. ആദ്യ രണ്ടുവർഷം പകുതിഭാഗം വെള്ളത്തിൽ ലയിക്കുന്ന ഫോസ്ഫേറ്റ് അടങ്ങിയ വളമിശ്രിതവും മൂന്നും നാലും വർഷങ്ങളിൽ വെള്ളത്തിൽ ലയിക്കാത്ത രൂപത്തിലുള്ള റോക്ക് ഫോസ്ഫേറ്റ് അടങ്ങിയ വളമിശ്രിതവുമാണ് ചേർക്കേണ്ടത്.

അഞ്ചാം വർഷം മുതലുള്ള മരങ്ങൾക്കും ടാപ്പുചെയ്യുന്ന തോട്ടങ്ങളിലും ഒരേ വളപ്രയോഗശുപാർശയാണുള്ളത്. അതായത് 12:8:12 മിശ്രിതം 250 കിലോഗ്രാം/ഹെക്ടർ (125 കിലോഗ്രാം വീതം രണ്ടു തവണകളായി) എന്ന തോതിലാണ് ചേർത്തുകൊടുക്കേണ്ടത്. അല്ലെങ്കിൽ ഒരു ഹെക്ടറിന് 65 കിലോഗ്രാം യൂറിയ, 110 കിലോ

ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 50 കിലോഗ്രാം പൊട്ടാഷ് എന്ന തോതിൽ യോജിപ്പിച്ച് ചേർത്തു കൊടുക്കാം. മരമൊന്നിന് യൂറിയ 80 ഗ്രാം, റോക്ക് ഫോസ്ഫേറ്റ് 140 ഗ്രാം, പൊട്ടാഷ് 65 ഗ്രാം എന്ന തോതിൽ വർഷത്തിൽ രണ്ടുപ്രാവശ്യം ചേർത്തുകൊടുത്തും വളപ്രയോഗം നടത്താം

### പിങ്കുരോഗത്തിന് പ്രതിരോധചികിത്സ

പിങ്കുരോഗത്തിനെതിരെ പ്രതിരോധനടപടി എന്ന നിലയ്ക്ക് മഴക്കാലത്തിനു തൊട്ടുമുമ്പ് ബോർഡോക്കുഴമ്പ് (10 ശതമാനം) പുരട്ടാം. രണ്ടും മൂന്നും വർഷം പ്രായമുള്ള മരങ്ങളിലാണ് മരുന്നുപുരട്ടേണ്ടത്. തൈകളുടെ കവരഭാഗത്ത് ചുറ്റും ഒരടി നീളത്തിൽ ബോർഡോക്കുഴമ്പ് പുരട്ടണം. ഇതിനുപുറമേ ശാഖകളുടെയും തായ്ത്തണ്ടിന്റെയും തവിട്ടുനിറമുള്ള ഭാഗങ്ങളിലും മേലറ്റം വരെ കുഴമ്പു പുരട്ടേണ്ടതാണ്. മൂന്നു വർഷം പ്രായമുള്ള മരങ്ങളിൽ ഏറ്റവും താഴെയുള്ള കവരത്തിൽ മരുന്നു പുരട്ടേണ്ടതില്ല. ബോർഡോക്കുഴമ്പ് ഉണ്ടാക്കുന്നതിനായി ഒരു കിലോഗ്രാം തുരിശ് അഞ്ച് ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. ഒരു കിലോഗ്രാം നീറ്റുകക്ക കുറച്ച് ചൂടുവെള്ളം ഒഴിച്ച് നീറ്റി ചുണ്ണാമ്പാക്കിയ ശേഷം ആവശ്യത്തിന് വെള്ളം ചേർത്ത് അഞ്ച് ലിറ്റർ ചുണ്ണാമ്പുലായനിയാക്കുക. അതിനുശേഷം തുരിശുലായനി ചുണ്ണാമ്പുലായനിയിലേക്ക് കുറേശ്ശേ ചേർത്ത് നന്നായി ഇളക്കി യോജിപ്പിച്ചാൽ 10 ലിറ്റർ ബോർഡോക്കുഴമ്പ് കിട്ടും.

### മണ്ണു-ജലസംരക്ഷണം

റബ്ബർതോട്ടങ്ങളിൽ മഴക്കാലത്ത് മണ്ണൊലിച്ചുപോകാതിരിക്കാൻ വേണ്ട നടപടികൾ മുൻകൂട്ടി സ്വീകരിക്കണം. നിരപ്പുതട്ടുകളും കയ്യാലകളും നിർമിക്കുക, പഴയവ ഉണ്ടെങ്കിൽ അവയുടെ കേടുപാടുകൾ തീർക്കുക, ചുറ്റുകയ്യാലകൾ ബലപ്പെടുത്തുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം.

മഴവെള്ളം തോട്ടത്തിൽ സംഭരിക്കപ്പെടുന്നതിനും അത് മണ്ണിൽ താഴുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ചെരിവ് വളരെ കൂടിയ പ്രദേശങ്ങളിൽ കൂടുതലായി വെള്ളം പിടിച്ചുനിർത്തുന്നത് ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമൊക്കെ കാരണമാകാം.



### അകാലിക ഇലകൊഴിച്ചിൽ

കാലവർഷക്കാലത്തുണ്ടാകുന്ന അകാലിക ഇലകൊഴിച്ചിൽ, കൂമ്പുചീയൽ എന്നീ കുമിൾരോഗങ്ങൾക്കെതിരെ മരുന്നുതളി നടത്തുന്നതിനാവശ്യമായ ഒരുക്കങ്ങൾ പൂർത്തിയാക്കണം. നഴ്സറിയിലെ ചെടികൾക്കും കൂടത്തൈകൾക്കും തോട്ടത്തിലെ മൂന്നുവർഷം വരെ പ്രായമായ തൈകൾക്കും ബോർഡോമിശ്രം തളിക്കുന്നതാണ് സൗകര്യപ്രദം. പ്രായംകൂടിയ മരങ്ങൾക്ക് ബോർഡോമിശ്രമോ എണ്ണയിൽ കലർത്തിയ കോപ്പർ ഓക്സിക്ലോറൈഡോ തളിക്കാം.

### ടാപ്പിങ്

മഴക്കാലത്ത് റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുന്നതിനുള്ള ഒരുക്കങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതുണ്ട്. വളർച്ചയെത്തിയ മരങ്ങൾ ഏപ്രിൽമാസത്തിൽ മാർക്കുചെയ്ത് ടാപ്പിങ് ആരംഭിക്കുകയും വേനൽകാലവിശ്രമം നൽകിയ മരങ്ങളിൽ ടാപ്പിങ് പുനരാരംഭിക്കുകയും ചെയ്യാവുന്നതാണ്. •

## കൃഷിവകുപ്പ് മന്ത്രി റബ്ബർബോർഡ് സ്റ്റാൾ സന്ദർശിച്ചു




കേരളസർക്കാരിന്റെ കൃഷിവികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ആനയറയിലുള്ള അഗ്രിക്കൾച്ചർ ഹോൾസെയിൽ അർബൻ മാർക്കറ്റിൽ വച്ച് 2026 ഫെബ്രുവരി 11 മുതൽ 16 വരെ നടത്തിയ 'വൈഗ 2026' എക്സിബിഷനിലെ റബ്ബർബോർഡിന്റെ സ്റ്റാൾ ബഹുമാനപ്പെട്ട കേരള കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് സന്ദർശിച്ചു. ബോർഡിന്റെ സ്റ്റാൾ സന്ദർശിച്ച കർഷകരുമായി റബ്ബർബോർഡിലെ ഉദ്യോഗസ്ഥർ ആശയവിനിമയം നടത്തി.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2026 ഏപ്രിൽ മാസത്തെ പരിശീലനപരിപാടികൾ

1. **റെയിൻഗാർഡിങ്**

   റബ്ബർമരങ്ങളിൽ റെയിൻഗാർഡുചെയ്യുന്നതിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഏപ്രിൽ 7-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **റബ്ബർസംസ്കരണവും ഗുണമേന്മാനിയന്ത്രണവും**

   റബ്ബർസംസ്കരണവും ഗുണമേന്മാനിയന്ത്രണവും സംബന്ധിച്ച പരിശീലനം ഏപ്രിൽ 07 മുതൽ 09 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ സംഭരണവും സംസ്കരണവും, ഷീറ്റുറബ്ബർനിർമാണവും തരംതിരിക്കലും, ബ്ലോക്കുറബ്ബറിന്റെയും സെനക്സിന്റെയും പരിശോധന, മലിനീകരണനിയന്ത്രണവും മലിനജലസംസ്കരണവും തുടങ്ങിയ വിഷയങ്ങൾ പരിശീലനത്തിൽ ഉൾപെടുന്നു. റബ്ബർതോട്ടമേഖല, പൊതുമേഖലാസ്ഥാപനങ്ങൾ, റബ്ബർസംസ്കരണകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവർക്കും താൽപര്യമുള്ള മറ്റുള്ളവർക്കും പരിശീലനപരിപാടിയിൽ പങ്കെടുക്കാം. പരിശീലന ഫീസ് 4500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട് (വടക്കുകിഴക്കൻ മേഖലയിൽ നിന്നുള്ള കർഷകർക്ക്)**

   വിവിധ തരത്തിലുള്ള ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ള ഓൺലൈൻ പരിശീലനം ഏപ്രിൽ 9-ന് നടക്കും. വടക്കുകിഴക്കൻ മേഖലയിൽ നിന്നുള്ളവർക്കാണ് പരീശീലനം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **വളമിടൽ**

   റബ്ബർമരങ്ങൾക്ക് വളമിടുന്നതിനെക്കുറിച്ചുള്ള പരിശീലനം ഏപ്രിൽ 17-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ



തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)

5. **രോഗ-കീട നിവാരണം**

   റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം ഏപ്രിൽ 22-ന് നടക്കും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**

   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഏപ്രിൽ 20 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ. ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ, റബ്ബർബാന്റ്, കയ്യുറകൾ, ഫോംറബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **മികച്ച കാർഷികരീതികൾ (Good Agricultural Practices)**

   മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം ഏപ്രിൽ 27, 28 തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

8. **ഇടവിളക്കൃഷി**

   റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം ഏപ്രിൽ 30-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗവിഭാഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസ സൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 454 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353201), 9497317209 (വ്യവസായം), 9446428554 (കൃഷി, വിജ്ഞാനവ്യാപനം) എന്നീ ഫോൺനമ്പരുകളിലോ ബന്ധപ്പെടുക.



176 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# മണ്ണിന്റെ പശിമയുള്ള ‘പത്മശ്രീ’- ഇത് കേരളത്തിന് അഭിമാനം!

മണ്ണിനും പ്രകൃതിക്കും പരിസ്ഥിതിക്കും കൃഷിക്കുമായി ജീവിതം സമർപ്പിച്ച രണ്ട് കേരളീയർ രാഷ്ട്രം സമ്മാനിച്ച പത്മശ്രീ പുരസ്കാരത്തിലൂടെ 2023-ലും 2026-ലും ആദരണീയരായപ്പോൾ ഓരോ മലയാളിക്കും അത് അഭിമാനമായി. ഇക്കുറി ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമത്തിലെ തൊണ്ണൂറ്റിരണ്ടുകാരിയായ കൊല്ലകയിൽ ദേവകിയമ്മയാണ് പത്മശ്രീ പുരസ്കാരത്തിന് അർഹയായത്. വീടിനോടു ചേർന്നുള്ള നാലരയേക്കർ സ്ഥലം, പിന്നിട്ട അരനൂറ്റാണ്ടു കാലം കൊണ്ട് അപൂർവങ്ങളായ നാനാജാതി മരങ്ങൾ നട്ടുനനച്ചു വളർത്തി വനമാക്കി മാറ്റിയ പ്രകൃതി ഉപാസനയാണ് ഈ പത്മശ്രീക്ക് വഴിയൊരുക്കിയത്. മരങ്ങൾ മാത്രമല്ല അവയ്ക്കുള്ളിൽ നാനാജാതി പക്ഷികൾ, ചിത്രശലഭങ്ങൾ, ഉരഗങ്ങൾ, വള്ളിപ്പടർപ്പുകൾ എന്നിവയെല്ലാം ഉൾച്ചേർന്ന ഈ ‘അമ്മവനം’ ഇന്നിതാ ഒരു നാടിന്റെയാകെ ഹരിതസുകൃതമാണ്!.

രാജ്യതലസ്ഥാനമായ ഡൽഹിയടക്കം നമ്മുടെ നഗരങ്ങളൊക്കെയും ശ്വസിക്കാൻ വേണ്ടത്ര ശുദ്ധമായ പ്രാണവായു ഇല്ലാതെ പിടയുമ്പോൾ ഒരു നാടിന്റെയാകെ അന്തരീക്ഷത്തെ ഓക്സിജൻ കൊണ്ടു സമ്പുഷ്ടമാക്കുന്ന പ്രാണവായുസമുച്ചയമാണീ നാലരയേക്കറിലെ വൃക്ഷസഞ്ചയം. ഒപ്പം തീരദേശഗ്രാമമായ കണ്ടല്ലൂരിന്റെ ഭൂഗർഭജല പരിപോഷണത്തിനൊരു ഈടുവെയ്പ്പുമാണിത്. വൃക്ഷമിത്രമായ ഈ മുത്തശ്ശിയുടെ അമ്പത് വർഷങ്ങളായുള്ള അനന്യമായ തപസ്യയുടെ സദ്ഫലമാണിത്. മണ്ണിനോടും മരങ്ങളോടും പ്രകൃതിയോടും ഹൃദയപക്ഷം ചേർന്ന അമ്പത് വർഷങ്ങളായുള്ള ജീവിതം! വീട് സ്വയംനിർമിത കാടിനുള്ളിലെ പർണശാലയാക്കിയ സമാനതകളില്ലാത്ത കർമശുദ്ധിക്ക് രാഷ്ട്രം നൽകിയ മഹനീയമായ ആദരവാണ് യഥാർത്ഥത്തിൽ ഈ പത്മശ്രീ!



*ദേവകിയമ്മ*

2023-ൽ ആദിവാസി ഗോത്രസമൂഹത്തിൽപ്പെട്ട വയനാട്ടിൽ മാനന്തവാടിക്കടുത്ത് കമ്മനയിലുള്ള ചെറുവയൽ രാമനാണ് പത്മശ്രീയിലൂടെ കേരളത്തിന്റെ പ്രാക്തനമായ കാർഷിക പൈതൃകത്തിന്റെ ഗരിമയെ രാജ്യത്തെയാകെ വിളിച്ചറിയിച്ചത്. ഒരു കാർഷികഗവേഷണസ്ഥാപനം ഏറ്റെടുത്ത് ചെയ്യേണ്ടതായ വിത്തുസംരക്ഷണ പ്രവർത്തനമാണ് അഞ്ചാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള ഈ വലിയ മനുഷ്യൻ വർഷങ്ങളായി നടത്തിവരുന്നത്. ഒരു കൃഷിക്കാരന്റെ ഏറ്റവും വിലപിടിപ്പുള്ള സ്വത്ത് തന്റെ കൈവശം സൂക്ഷിക്കുന്ന വിത്താണെന്ന് വിശ്വസിക്കുന്ന ഇദ്ദേഹം നൂറ്റാണ്ടുകളായി വയനാട്ടിൽ പ്രചാരത്തിലുണ്ടായിരുന്ന അമ്പതോളം പരമ്പരാഗത നാടൻ നെൽവിത്തിനങ്ങളാണ് വംശമറ്റുപോകാതെ സംരക്ഷിച്ചുപോരുന്നത്. ഓരോ കൃഷിക്കാലത്തും ഈ വിത്തിനങ്ങൾ ഓരോ സെന്റ് സ്ഥലം കണക്കാക്കി കൃഷിചെയ്ത് യഥാവിധി പരിചരിച്ച് വിളവെടുത്ത് വർഷാവർഷം സൂക്ഷിക്കുന്നു. എത്രയോ വർഷങ്ങളായി പാരമ്പര്യനെല്ലിനങ്ങൾക്ക് വംശനാശം സംഭവിക്കാതിരിക്കാൻ ഈ മനുഷ്യൻ നടത്തുന്ന ശ്രമകരമായ ഒരു യാഗമാണിത്. നെൽകൃഷി ചെയ്യുന്ന മൂന്നേക്കർ വയലിൽ ഒരേക്കർ ഇങ്ങനെ വിത്തുസംരക്ഷണക്കൃഷിക്കായി മാത്രം മാറ്റിവെച്ചിരിക്കയാണ്. സ്വന്തമായി കൃഷിചെയ്യുന്നതോടൊപ്പം കൃഷിയിൽ താൽപര്യമുള്ളവർക്ക് വയനാടിന്റെ ഈ അപൂർവ നെൽവിത്തുകൾ കൃഷിചെയ്യാനായി ചെറിയ തോതിൽ



*ചെറുവയൽ രാമൻ*

സൗജന്യമായി നൽകുകയും ചെയ്യുന്നുണ്ട്. നിധി പോലെ മടിശീലയിൽ സൂക്ഷിക്കുന്ന ഈ വിത്തുകൾ സൗജന്യമായി നൽകുമ്പോൾ ഒരു നിബന്ധനയുണ്ട്. കൃഷിചെയ്ത് വിള കൊയ്തെടുക്കുമ്പോൾ ഒരു കൈക്കുടന്ന നെൽവിത്ത് മടക്കിനൽകണം, അതാണ് വ്യവസ്ഥ! വയസ്സ് എഴുപത്തിനാലായെങ്കിലും ഒരു ചുട്ടിത്തോർത്തു മുടുത്ത് കൈക്കോട്ടുമായി വ്രതശുദ്ധിയാർന്ന മനസ്സോടെ പരമ്പരാഗത നെൽവിത്തുകളുടെ കാവലാളായ ചെറുവയൽ രാമൻ ഒരു ദിവസം പോലും മുടങ്ങാതെ കൃഷിപ്പണികൾക്കായി തന്റെ വയലിലെത്തും! വൈക്കോൽ മേഞ്ഞ ഏകദേശം നൂറ്റിയമ്പത് വർഷം പഴക്കമുള്ള വീടും വൻമരങ്ങൾ പച്ചമേലാപ്പു ചാർത്തിയ പുരയിടവും പ്രകൃതിജീവനത്തിന്റെയും ആദിവാസി കുറിച്ച്യ സമുദായത്തിന്റെ ജീവിതക്രമത്തിന്റെയും സാക്ഷ്യമാണ്. ആഗോളതാപനം ദുരിതം വിതയ്ക്കുന്ന ഉച്ചവെയിലിന്റെ തീഷ്ണതയിലും ശീതീകരിച്ച ഒരു മുറിയിൽ ഇരിക്കുന്നതിനേക്കാൾ സുഖശീതളിമയാണ് ഈ വീടിനകത്തും പുറത്തും എന്നത് പറയാതെ വയ്യ! അക്കാദമിക ബിരുദങ്ങൾ ഏറെയുള്ള ഒരു വിദഗ്ദ്ധനേക്കാൾ നെൽകൃഷിയുടെയും വിത്തുസംരക്ഷണത്തിന്റെയും പ്രയോഗപാഠങ്ങൾ ഇദ്ദേഹത്തിന് തിട്ടമാണ്.

പ്രകൃതിയെ നോവിക്കാതെ ഈ ആധുനിക കാലത്തും നമുക്ക് ജീവിക്കാൻ കഴിയുമെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും അതിലുപരി നൂറ്റാണ്ടിന്റെ പഴക്കമുള്ള പാരമ്പര്യ നെൽവിത്തുകൾ നാശോന്മുഖമാകാതെ നാളേക്കായി കരുതലോടെ കാത്തുസംരക്ഷിക്കുന്നതും കണക്കിലെടുത്താണ് രാഷ്ട്രം ആദരവോടെ സമ്മാനിച്ച പത്മശ്രീ ബഹുമതി വയനാട്ടിലെ ഈ ആദിവാസി ഊരിലെത്തിയത്.

മണ്ണിനോടും പ്രകൃതിയോടും മനസ്സ് ചേർത്തുവെയ്ക്കുന്ന ഇവരുടെ രണ്ടു പേരുടെയും ജീവിതത്തിനും ജീവിതനന്മകൾക്കും സമാനതകൾ ഏറെയാണ്. ഒരാൾക്ക് പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷണവും പ്രചാരണവുമാണ് ജീവിതവ്രതമെങ്കിൽ, കണ്ടല്ലൂരിലെ മുത്തശ്ശിയമ്മയ്ക്ക് അപൂർവ്വ മരങ്ങളോടാണ് പ്രണയം, അവ നട്ടുനനച്ച് വളർത്തി വലുതാക്കുക എന്നത് രക്തത്തിലലിഞ്ഞുചേർന്ന ജീവിതനിഷ്ഠയാണ്. ഹിമാലയ സാനുക്കളിലും പശ്ചിമഘട്ട ഗിരിനിരകളിലും വളരുന്ന സസ്യങ്ങളടക്കം ഏതാണ്ട് മൂവായിരത്തിലേറെ വ്യത്യസ്ത ഇനങ്ങളിൽപെട്ട മരങ്ങൾ ഇടതൂർന്നു വളരുന്നുണ്ടിവിടെ. സ്കൂളുകൾ, കോളജുകൾ, ഗവേഷണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നൂറുകണക്കിന് വിദ്യാർത്ഥികളും ഗവേഷകരും മാധ്യമപ്രവർത്തകരുമാണ് ഇവരെ രണ്ടു പേരേയും കാണാനും സംവദിക്കാനുമായി എത്തുന്നത്. കാർഷിക പൈതൃക സംരക്ഷണത്തിന്റെയും പ്രകൃതിജീവന നന്മയുടെയും നല്ല പാഠങ്ങളും നല്ല മാതൃകകളും മുഖതാവിൽ കാണാനും പഠിക്കാനുമായാണ് എല്ലാവരുമെത്തുന്നത്.

1980-ൽ അശനിപാതം കണക്കേ വന്നുപെട്ട ഒരപകടവും അതേത്തുടർന്ന് മൂന്നു വർഷത്തോളം ശയ്യാവലംബിയാകുകയും ചെയ്ത ദേവകിയമ്മയ്ക്ക് ക്രമേണ പരസഹായമില്ലാതെ കഷ്ടിച്ച് നടക്കാൻ കഴിഞ്ഞെങ്കിലും വീടുവിട്ടുള്ള യാത്രകളൊക്കെയും ബുദ്ധിമുട്ടായി. അങ്ങനെ വീടും തൊടിയുമായി തന്റെ ലോകം ഇട്ടാവട്ടത്തിൽ ചുരുങ്ങിയപ്പോൾ വീടിന്റെ തൊടിയിൽ മാത്രമായി സഞ്ചാരം ചുരുങ്ങി. അപ്പോഴാണ് തൊടിയിൽ ചുറ്റി നടന്ന് കിട്ടാവുന്നത്ര വൃക്ഷത്തൈകൾ പുരയിടമാകെ നട്ടുതുടങ്ങിയത്. അമ്മയുടെ വൃക്ഷസ്നേഹം കണ്ടറിഞ്ഞ് ഭർത്താവും മക്കളും ബന്ധുമിത്രാദികളുമെല്ലാം കിട്ടാവുന്നത്ര വൃക്ഷത്തൈകൾ സ്വരുക്കൂട്ടി അമ്മയ്ക്ക് സ്നേഹപൂർവം നൽകി. അങ്ങനെ തെങ്ങും കമുകും പ്ലാവും മാവും പുളിയും അതിരിട്ടിരുന്ന പുരയിടം നാനാജാതി മരങ്ങൾ നിറഞ്ഞ് കാടായി മാറി. ആഗോളതാപനം അടക്കമുള്ള കാലാവസ്ഥാമാറ്റത്തിന് തടയിടാനുള്ള ശാസ്ത്രീയ കാഴ്ചപ്പാടോടെയല്ല പുരയിടമാകെ മരം നട്ടത്. അത് പ്രകൃതിയോടു താദാത്മ്യം പ്രാപിച്ച അമ്മമനസ്സിന്റെ നന്മയായിരുന്നു. തന്നെയുമല്ല മരങ്ങളെ പ്രാണനായി കാണുന്ന ദേവകിയമ്മ എന്ത് മണ്ണിൽ കുഴിച്ചുവെച്ചാലും വേരുപിടിച്ചു കിട്ടുന്ന കൈപ്പുണ്യം ഒരനുഗ്രഹസിദ്ധിയുമായിരുന്നു.

പത്മശ്രീ പുരസ്കാരലഭ്യതയിലൂടെ ശ്രദ്ധേയരായ ഇവരെ രണ്ടുപേരേയും തൊട്ടടുത്തിരുന്ന് ആകാശവാണിയുടെ പ്രിയ ശ്രോതാക്കൾക്കുവേണ്ടി അഭിമുഖം നടത്തി അറിവനുഭവങ്ങൾ പങ്കുവെയ്ക്കാൻ കഴിഞ്ഞു എന്നത് മൂന്നുപതിറ്റാണ്ടിലേറെ നീണ്ട കാർഷിക മാധ്യമജീവിതത്തിൽ വീണുകിട്ടിയ അസുലഭ മുഹൂർത്തമാണ്. മണ്ണിന്റെ പുണ്യം നുകർന്ന മഹാമനീഷികളായ ഈ രണ്ടുപേരുടെയും വീടും തൊടിയും കൃഷിയിടവുമെല്ലാം മുഖതാവിൽ കണ്ട് മനസ്സിലേക്ക് ആവാഹിക്കാൻ കഴിഞ്ഞു എന്നത് മറ്റൊരു ജീവിതധന്യത! പത്മശ്രീ പുരസ്ക്കാരത്തിനും മുമ്പേ ഒട്ടനവധി തിളക്കമാർന്ന അംഗീകാരങ്ങൾ ഇവർക്ക് രണ്ടുപേർക്കും ലഭിക്കുകയുണ്ടായി. ബ്രസീലിൽ നടന്ന ആദിവാസി വംശീയ ശാസ്ത്രമേളയിൽ ഭാരതത്തെ പ്രതിനിധാനം ചെയ്ത് പങ്കെടുത്തത് ചെറുവയൽ രാമനാണ്. ഗൾഫ് നാടുകളിൽ നടന്ന അന്താരാഷ്ട്ര സമ്മേളനങ്ങളിലും ഇദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

ആകാശവാണി ശ്രോതാക്കളോടായി ഇവർ പങ്കുവെച്ച ഹൃദയത്തിൽ തൊട്ട വാക്കുകൾക്ക് പോലും ഏറെ സമാനതയുണ്ടായിരുന്നു. 'നല്ല വായുവും മണ്ണും പ്രകൃതിയും വെള്ളവും ഭക്ഷണവുമില്ലെങ്കിൽ പിന്നെ നമുക്കിവിടെ ജീവിക്കാൻ കഴിയുമോ? ഗൂഗിൾ പേ വഴി എത്ര പണം വേണമെങ്കിലും കൈമാറാം, പക്ഷേ വിശപ്പടക്കാനുള്ള ആഹാരം ഗൂഗിൾ പേ ചെയ്യാൻ കഴിയില്ലല്ലോ. മണ്ണിനോടും കൃഷിയോടും അധ്വാനത്തോടും അകന്നുപോകുന്നത് വലിയ അപകടമാണ്, ഈ തിരിച്ചറിവാണ് ഇപ്പോൾ മനുഷ്യനുണ്ടാകേണ്ടത്' പത്മശ്രീ ചെറുവയൽ രാമന്റെ ഈ വാക്കുകൾ എത്ര ഹൃദയസ്പർശിയാണ്!

ഇതിൽ നിന്നും ഒട്ടും വിഭിന്നമല്ല കൊല്ലകയിൽ ദേവകിയമ്മയുടെ ആശയാഭിപ്രായവും. 'കാക്കയും കുരുവിയും മാടത്തയും ഓലേഞ്ഞാലിയുമൊക്കെ ഇല്ലാതായിക്കൊണ്ടിരിക്കയാണ്, അത്രമാത്രം പ്രകൃതിക്ക് ചൂടുപിടിച്ചിരിക്കുന്നു. ഇങ്ങനെ പോയാൽ നമ്മൾ മനുഷ്യർക്കും ഇവിടെ ജീവിക്കാൻ പറ്റാതെയാകും. ഇവിടെ ഈ മരങ്ങൾ നാലുവശവും ആർത്തുവളരുന്നതിനാൽ ഇവിടെ വെള്ളത്തിനു മുട്ടില്ല, ഒരഴുക്കുമില്ലാത്ത ഒന്നാന്തരം വായുവാണ് ശ്വസിക്കുന്നത്. ഇത് ശരിക്കും പറഞ്ഞാൽ മരുന്നാണ്, വിലയ്ക്കു വാങ്ങാൻ പറ്റാത്ത മരുന്ന്. ഞാൻ വീണുപോകാതെ എഴുന്നേറ്റ് നടക്കുന്നത് നാലുപാടും മരങ്ങൾ നിറഞ്ഞ ഈ ചുറ്റുപാടിൽ കഴിയുന്നതുകൊണ്ടാണ്.' ഈ ചെറിയ വാക്കുകളിൽ അന്തർലീനമായിട്ടുള്ളത് വർത്തമാനകാല പരമാർത്ഥങ്ങളാണ്. അനുഭവസമ്പത്തിൽ നിന്ന് സ്ഫുടംചെയ്തെടുത്ത ഈ വാക്കുകൾ കേട്ടുമറക്കാനുള്ളതല്ല, തെല്ലെങ്കിലും നമുക്ക് ജീവിതചര്യയാക്കി മാറ്റാം. •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2026 ഫെബ്രുവരി 1 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ഫെബ്രുവരി 2 | 20400 | 19900 | 13685 | 20400 | 19900 | 20087 | 19999 |
| 2026 ഫെബ്രുവരി 3 | 20450 | 19950 | 13685 | 20450 | 19950 | 20018 | 19931 |
| 2026 ഫെബ്രുവരി 4 | 20550 | 20050 | 13790 | 20550 | 20050 | 19949 | 19863 |
| 2026 ഫെബ്രുവരി 5 | 20650 | 20150 | 13790 | 20650 | 20150 | 19769 | 19683 |
| 2026 ഫെബ്രുവരി 6 | 20700 | 20200 | 13790 | 20700 | 20200 | 19752 | 19667 |
| 2026 ഫെബ്രുവരി 7 | 20700 | 20200 | അവധി | 20700 | 20200 | അവധി | അവധി |
| 2026 ഫെബ്രുവരി 8 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ഫെബ്രുവരി 9 | 20750 | 20250 | 13790 | 20750 | 20250 | 20099 | 20013 |
| 2026 ഫെബ്രുവരി 10 | 20850 | 20350 | 13845 | 20850 | 20350 | 20684 | 20597 |
| 2026 ഫെബ്രുവരി 11 | 20950 | 20400 | 13950 | 20950 | 20400 | 21058 | 20971 |
| 2026 ഫെബ്രുവരി 12 | 21000 | 20450 | 13950 | 21000 | 20450 | 21339 | 21252 |
| 2026 ഫെബ്രുവരി 13 | 21100 | 20550 | 14055 | 21100 | 20550 | 21465 | 21377 |
| 2026 ഫെബ്രുവരി 14 | 21300 | 20750 | അവധി | 21300 | 20750 | അവധി | അവധി |
| 2026 ഫെബ്രുവരി 15 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ഫെബ്രുവരി 16 | 21300 | 20850 | 14160 | 21300 | 20850 | 21465 | 21377 |
| 2026 ഫെബ്രുവരി 17 | 21300 | 20900 | 14265 | 21300 | 20900 | 21652 | 21564 |
| 2026 ഫെബ്രുവരി 18 | 21350 | 20950 | 14265 | 21350 | 20950 | 21610 | 21523 |
| 2026 ഫെബ്രുവരി 19 | 21450 | 21050 | 14475 | 21450 | 21050 | 21697 | 21610 |
| 2026 ഫെബ്രുവരി 20 | 21550 | 21050 | 14690 | 21550 | 21050 | 21782 | 21695 |
| 2026 ഫെബ്രുവരി 21 | 21600 | 21100 | അവധി | 21600 | 21100 | അവധി | അവധി |
| 2026 ഫെബ്രുവരി 22 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ഫെബ്രുവരി 23 | 21700 | 21200 | 14795 | 21700 | 21200 | 22230 | 22142 |
| 2026 ഫെബ്രുവരി 24 | 21900 | 21400 | 14900 | 21900 | 21400 | 22708 | 22620 |
| 2026 ഫെബ്രുവരി 25 | 22100 | 21600 | 15005 | 22100 | 21600 | 23179 | 23091 |
| 2026 ഫെബ്രുവരി 26 | 22100 | 21600 | 15005 | 22100 | 21600 | 23413 | 23325 |
| 2026 ഫെബ്രുവരി 27 | 22100 | 21600 | 15005 | 22100 | 21600 | 23473 | 23385 |
| 2026 ഫെബ്രുവരി 28 | 22100 | 21600 | അവധി | 22100 | 21600 | അവധി | അവധി |
| **ശരാശരി** | **21248** | **20754** | **14245** | **21248** | **20754** | **21371** | **21284** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | നവംബർ 2025 | നവംബർ 2024 | ഏപ്രിൽ 2025 മുതൽ നവംബർ 2025 വരെ | ഏപ്രിൽ 2024 മുതൽ നവംബർ 2024 വരെ | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 68800 | 66550 | 368150 | 346800 | 550875 | |
| ബ്ലോക്കുറബ്ബർ | 18800 | 17350 | 123450 | 115275 | 197500 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9600 | 10050 | 67000 | 68900 | 107350 | |
| മറ്റുള്ളവ | 1800 | 2050 | 10400 | 13025 | 19275 | |
| **ആകെ** | **99000** | **96000** | **569000** | **544000** | **875000** | **4.6** |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 46500 | 47000 | 404300 | 382600 | 584950 | |
| ബ്ലോക്കുറബ്ബർ | 58000 | 54200 | 449100 | 460550 | 680700 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9500 | 9300 | 75000 | 65900 | 108700 | |
| മറ്റുള്ളവ | 4000 | 3500 | 31600 | 21950 | 35650 | |
| **ആകെ** | **118000** | **114000** | **960000** | **931000** | **1410000** | **3.1** |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 76897 | 75772 | 596301 | 640814 | 946230 | - 6.9 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 28718 | 45428 | 344610 | 427633 | 550918 | |
| കയറ്റുമതി (p) | 340 | 613 | 2251 | 2603 | 4839 | |
| **2025 നവംബർ അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | | |
| കർഷകർ | | 58000 | ഷീറ്റുറബ്ബർ | | | 199000 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 103000 | ബ്ലോക്കുറബ്ബർ | | | 91000 |
| ടയർ നിർമ്മാതാക്കൾ (c) | | 118000 | റബ്ബർപാൽ (ഡിആർസി) | | | 25000 |
| മറ്റു വ്യവസായികൾ | | 54000 | മറ്റുള്ളവ | | | 18000 |
| **ആകെ** | | **333000** | **ആകെ** | | | **333000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



Bharat Petroleum

MAK® LUBRICANTS

# മികച്ച റബ്ബർ ലാറ്റക്സ് ഉത്പാദനവും ഇലകൊഴിച്ചിലിനുള്ള പരിസ്ഥിതി സൗഹൃദ പരിഹാരവും തേടുകയാണോ?





**MAK RUBBER SPRAY OIL (ECO)** - യിലേക്ക് മാറൂ - ഇലകൊഴിച്ചിൽ ചെറുക്കുന്നതിനും റബ്ബർ ലാറ്റക്സ് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കോപ്പർ ഓക്സിക്ലോറൈഡ് കുമിൾനാശിനി തളിക്കുന്നതിനുള്ള നിങ്ങളുടെ വിശ്വസ്തമായ ബയോഡീഗ്രേഡബിൾ കാരിയർ ഓയിൽ.

- റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കോട്ടയം അംഗീകരിച്ചത്
- നിറവും ദുർഗന്ധവുമില്ല, രാസപരമായി സ്ഥിരതയുള്ളത്
- ജൈവവിഘടനം ഉള്ളത്, ഹാനികരമല്ലാത്തത്
- നന്നായി അലിയുകയും വ്യാപിക്കുകയും ചെയ്യുന്ന സവിശേഷതകൾ

ഞങ്ങളെ ബന്ധപ്പെടുക

**0484-2916315**

**Email: maklubeskochi@gmail.com**

*MAK® makes it possible.*

RUBBER MONTHLY (MALAYALAM )
Published on 11 March 2026
RNI. 7842

Registered KL / KTM/ 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar